KUNJI LAKSHMI KETTILAMMA

032:1xM1
E8

032:1xM1 E8
AKSHMI
A.
makkam
MUL
034837

DOCTRINA·VIM·PROMOVET·INSITAM

MADRAS UNIVERSITY LIBRAR

Call Number

Accession Number

Available for loan from

This book should be returned on or
the date last marked below.

# കടാങ്കോട്ടു മാക്കം

UNIVERSITY ... MADRAS

(കിളിപ്പാട്ട്.)

---

ആദ്യഖണ്ഡം—കെ. യം. കുഞ്ഞിലക്ഷ്മികെട്ടിലമ്മ.

മദ്ധ്യഖണ്ഡം—കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണകുറുപ്പ്.

അന്ത്യഖണ്ഡം—കെ. യം. കെ. നായർ ബി.എ. (HONS.)

(Copy right)

1093

---

PRINTERS:

THE MANGALODAYAM CO., LTD.,

TRICHUR.

34837
032:1xM1
E8

# മുഖവുര.

സദ്വൃത്തിമൂലം ആൎക്കും പരമപദം പ്രാപിക്കാം. അതിന്നു കാലദേശാദിനിൎണ്ണയങ്ങളും ഇല്ല.

കുറെ ശതവൎഷങ്ങൾക്കുമുമ്പു വടക്കെ മലയാളത്തിൽ ഒരു ഉയൎന്ന നായർതറവാട്ടിൽ പിറന്ന്, ചാരിത്ര്യസംശുദ്ധിയാൽ സച്ചിദാനന്ദപദത്തിലേയ്ക്കു കയറിയ ഒരു മഹാ പുണ്യശാലിനിയാണ് 'കടാങ്കോട്ടുമാക്കം'. 'മാക്കംതോറ്റം' ഉത്തരകേരളത്തിൽ ധാരാളം പ്രചാരമുള്ള ഒന്നാണ്. 'മാക്കംതിറ' എന്ന കളിയാട്ടം കഴിപ്പിച്ച്, സന്തതിലാഭത്തിൽ കൃതാൎത്ഥത നേടുന്നവർ ഇവിടങ്ങളിൽ കുറച്ചല്ല. മററു തോററങ്ങളും, പഴമ്പാട്ടുകളും പോലെ 'മാക്കംതോററം' രചിതാക്കളുടെ ഭാഷാപരിചയലോപത്താലോ, അഥവാ പ്രചാരവേളയിൽ എത്തിച്ചുകൂടിയ ക്ലിഷ്ടപദാധിക്യത്താലോ, ശ്രവണമാത്രയിൽ സുഗ്രാഹ്യമായിത്തീരുവാൻ വളരെ പ്രയാസമുണ്ട്. വൃത്തനിയമത്തിനൊ, പദഭംഗിക്കൊ, സന്ധിവ്യക്തിക്കൊ, ഒന്നിന്നും അവയിൽ ഗണിക്കപ്പെടാവുന്ന പ്രതിപത്തി ഇല്ലെന്നു പറയാം എങ്കിലും, ചേതസ്സമാകൎഷമായ കഥാവിവരണം എല്ലാററിലും ഉണ്ട്.

'മാക്കംതോററ'മാണ് ഈ 'കിളിപ്പാട്ടി'ൻെറ ബീജം. 'താർമകൾക്കമ്പുള്ളതത്ത'യെക്കൊണ്ടു കഥ ചൊല്ലിക്കുമ്പോഴും, കഥാപൌരാണികത്വം മാത്രം വിചാരി

ച്ച്, 'ബദരികാശ്രമവും മഹർഷികളും' ഗ്രന്ഥകർത്താക്കൾ സ്വയമേവ സൃഷ്ടിചെയ്തു എന്നേ ഉള്ളൂ. മൂലത്തിൽ പരസ്പരഘടന മതിയാവാതെ, 'വിട്ടുമാറി'ക്കിടക്കുന്ന ചുരുക്കം സന്ദർഭങ്ങളെ കൂട്ടിച്ചേർത്തു, മിനുക്കുന്നതിനല്ലാതെ 'നിരങ്കുശമായ കവിധർമ്മ'ത്തെ ഈ ഗ്രന്ഥത്തിൽ തൽകർത്താക്കൾ അംഗീകരിച്ചിട്ടില്ല. പക്ഷെ, 'നാത്തൂന്മാർക്ക്' നായികയോടുണ്ടായ പരമവൈരത്തെ, ആദ്യമേ യുക്തിയുക്തമായി തോന്നാം വെളിവാക്കാത്ത നിലയിൽ, ആ മാത്സര്യം സ്ഥാപിക്കേണ്ടതിലേയ്ക്കു കവികൾ, മദ്ധ്യഖണ്ഡത്തിൽ ഘോഷിക്കപ്പെടുന്ന 'വിഷബഹളം' കഥയിൽ സംഘടിപ്പിക്കേണ്ടിവന്നതാണ്. കഥാശരീരം മൂലത്തിലേതുതന്നെയാണെന്നു രണ്ടും തട്ടിച്ചുനോക്കിയാൽ അറിയാം.

'കടാങ്കോട്ടുമാക്കത്തി'ന്റെ ജന്മസ്ഥാനത്തിന്നു ചിറക്കൽ താലൂക്കിൽപ്പെട്ട കുഞ്ഞിമംഗലം ദേശവും കടത്തനാട്ടും ആണ് രണ്ടു മുഖ്യാവകാശികൾ. തിറയാട്ടുന്ന വണ്ണാന്മാരുടെ തോററങ്ങൾക്കും ഈ വിഷയത്തിൽ പാഠാന്തരമുണ്ട്. 'കടാങ്കോട്ടു' തറവാടുകൾ അങ്ങും ഇങ്ങും എത്രയോ കാണാം. അതുകൊണ്ടു യഥാർത്ഥസ്ഥാനം തീർച്ചപ്പെടുത്തിക്കൂടാ. 'മാക്കം വയലും,' 'മാക്കം കിണറും' മററും കാലക്രമത്തിൽ ക്ഷയിച്ചിട്ടുണ്ടായിരിക്കണം. നാമാവശേഷങ്ങളായിട്ടെങ്കിലും അവ ഇപ്പോൾ ഉണ്ടെന്നുപറയപ്പെടുന്നതു കടത്തനാട്ടാകയാൽ, ഏതൽകവികൾ 'മാക്ക'ത്തെ അവിടെത്തന്നെയാണു പ്രതിഷ്ഠിച്ചിട്ടുള്ളത്.

സഹോദരന്മാർ 'മാക്ക'ത്തെ തലയറുത്തു തള്ളിയ കിണററിൽ നോക്കിയതു വാണിയൻ 'എമ്മ'നാണെന്നും, അതല്ല, ആ കുറ്റിക്കാട്ടിൽനിന്ന് എള്ള് കൊയ്തിരുന്ന ഒരു ഈഴവനാണെന്നും, ഇങ്ങിനെ രണ്ടുപക്ഷമുണ്ട്. അനീതി എന്നതു ലവലേശം അറിയാത്ത താൻ നിമിത്തം കുലീനയായ ഒരു സ്ത്രീരത്നം നശിച്ചുവല്ലോ, എന്ന ദുഃഖത്താൽ 'എമ്മൻ' കിണററിൽ താന്നുനോക്കിയതാണെന്നും, തന്റെ, ധമ്മാവസ്ഥ പരീക്ഷിക്കുവാൻ ഒരു വാണിയന്നു സ്വാതന്ത്ര്യമില്ലെന്ന ബോധത്താൽ 'മാക്കം ഭഗവതി' അവന്റെ നാക്കറുത്തതാണെന്നുമാണ് പ്രഥമപക്ഷക്കാരുടെ വാദം. മിത്ഥ്യാപവാദത്തെ പിൻതാങ്ങി പ്രവത്തിച്ച 'നാട്ടിൽ പ്രമാണിക'ളുടെ പ്രതിക്രിയയിലുള്ള ഭയത്തിനാൽ 'ചാടിപ്പോയ' ഒരു സാധു, ക്രിയാധികാരികൾ ധമ്മാധമ്മം മറന്ന്, സംഹാരരൂപികളായി കൂത്താടുന്ന കാലത്തു തിരിച്ചെത്തി, സത്യം പരിശോധിക്കുമോ എന്നു മാത്രമേ ഇവരോട്ട മറുവടിയുള്ളു. പോരെങ്കിൽ, ശവം വീണ കിണററിൽ നോക്കുക എന്നതു ആരും കരുതിക്കൂട്ടി ചെയ്യാറില്ല. അതു കേവലം യാദൃച്ഛികമായേ വരൂ. ഈ സംഗതികളാൽ ദ്വിതീയപക്ഷമാണ് ഈ കൃതിയിൽ സ്വീകരിക്കപ്പെട്ടത്.

ത്രിവിധകരണങ്ങളാലും ദുരിതസ്പർശം സംഭവിക്കാതെ, 'നേർവഴി നടക്കുന്ന' ഒരു 'ശീലാവതി', അവളുടെ രക്ഷാധികാരികളായ ദായാദികളുടെ വഞ്ചനാവജ്രത്താൽ ഇളംതാളുപോലെ മുറിഞ്ഞുവീഴുന്ന കഥ വായന

ക്കാരുടെ മനസ്സിനെ വല്ലാതെ സ്തോഭിപ്പിക്കുന്നതായിരിക്കും. തിറദിവസം അടുത്തിരുന്നു തോറ്റം കേൾപ്പാൻ ഉദ്യമിച്ചിട്ടുള്ളവർ പ്രായേണ കഥയുടെ ദുസ്സഹകലാശത്താൽ വ്യാകുലചിത്തന്മാരായി, ഇടവും വലവും മറന്നു 'കരഞ്ഞു കണ്ണീർ കളയുന്ന' കാഴ്ച പുതുമയല്ല.

'മാക്ക'ത്തെ, അനുകരിച്ചിട്ടുള്ള അനേകം മഹാഭാഗകളാൽ അലങ്കരിക്കപ്പെട്ടതാണല്ലോ നമ്മുടെ മാതൃഭൂമി. അവരിൽ അധികംപേരും ചരിത്രദൃഷ്ടിയെ അതിക്രമിച്ച സ്വർഗ്ഗത്തിൽ സുഖിക്കുന്നു!

'തോറ്റങ്ങ'ളിലും, 'താരാട്ടുകളിലും' വേണ്ടുംപോലെ ദൃഷ്ടിവെക്കാതെ, അവയെ 'പായ്യാരങ്ങ'ളെന്ന് അപലപിക്കുന്നവർക്ക് ഈ സാദ്ധ്വീമണിയുടെ അത്ഭുതചരിതം സ്പഷ്ടമായി കാട്ടേണമെന്ന ഉദ്ദേശമാണ് സകലോപരി, മൂന്നുപേരെ ഏതൽഗ്രന്ഥനിർമ്മാണത്തിലേക്കായി സമാകർഷിച്ചത്. ഇതിൽ സാധുവിധേയന്മാരായ അവർക്ക് ചാരിതാർത്ഥ്യം ജനിപ്പിക്കേണ്ടതു നിർമ്മത്സരബുദ്ധികളായ സാഹിത്യകുശലികളാകയാൽ, ഈ 'കിളിപ്പാട്ട്' അവർക്കുതന്നെ സമർപ്പിച്ചുകൊള്ളട്ടെ.

എന്ന്, ഗ്രന്ഥകർത്താക്കൾ

UNIVERSITY L... 24 DEC 1926

# കടാങ്കോട്ടു മാക്കം.

## കിളിപ്പാട്ടു

---

### ആദ്യഖണ്ഡം

---

(കെ. എം. കുഞ്ഞിലക്ഷ്മി കെട്ടിലംബ)

"പഞ്ചതാരയൊടൊപ്പംമാധുൎയ്യമേന്തീടുന്ന
പഞ്ചമഗാനങ്ങളാ,ലുലകംവശത്താക്കും
നീരജാലയാകരവാരിജവിലാസികേ!
ശാരദാകൃപാഞ്ചിതേ!ശാരികാകുമാരികേ!
ധന്യയാംതവക്ഷേമകാംക്ഷികളല്ലോഞങ്ങ,
ളന്യഥാകരുതേണ്ട,വന്നാലുമരികത്തിൽ,
അജ്ഞാനക്കടലലക്കോളിലാ,ണ്ടലയുവോ-
ൎക്കുൾജ്ഞാനപ്രദാനാൎത്ഥമെപ്പൊഴുംശ്രമിക്കുംനീ,
തങ്കത്താർതന്നുശ്രാന്തിതീൎക്കണെ,മല്ലാക്ഷി,ലാ-
തങ്കത്താൽത്തലകായുംദുൎദ്ദശപിടിച്ചപോം,
ഭക്ഷിപ്പാൻരുചിതോന്നുംഭക്ഷണപദാൎത്ഥങ്ങ-
ളിക്ഷണംഭുജിച്ചാലും,ശിക്ഷയിലിരുന്നാലും."

സ്വാഗതോക്തികളാൽ,തൻസ്വാന്തസാരസംവിട-
ന്നാഗതയായീടിനാൾപൈങ്കിളി,പതുക്കവെ.
കൊച്ചുപക്ഷങ്ങൾരണ്ടുംവിടൎത്തി,പ്പനിനീരിൽ-

വെച്ചു,തൻശിരീഷപ്പൂമേനിയെത്തളർപ്പിച്ചും,
ഇച്ഛപോലോരോഭക്ഷ്യംകൊത്തിയുംകൊറിച്ചുംകൊ
ണ്ടച്ഛമാനസയായകീരസുന്ദരിചൊന്നാൾ:–
"പാരാകെപ്പറന്നുഞാൻതളരുംനേരത്തെന്നിൽ
ധാരാളംദയകാട്ടുംനിങ്ങളെവണങ്ങുന്നേൻ,
മംഗളംവളരട്ടെനിങ്ങളിൽസദാകാലം,
നിങ്ങൾക്കകടപ്പെട്ടുപോയിഞാ,നെല്ലാംകൊണ്ടും,
വല്ലതുംപകരമൊ,ന്നിതിനുചെയ്തീടായ്കി–
ലില്ലമേസമാധാനം;വർദ്ധിക്കമല്ലോകടം;
സച്ചിദാനന്ദസ്വരൂപത്തെയോർത്തിരുന്നീടും,
തുച്ഛസംസൃതിസംഗമുക്തയാമെനിക്കിപ്പോൾ,
ലോകരോടിടപെട്ടാൽ,വല്ലായ്മവന്നുകൂടും,
ശോകസംഹതികൾക്കബീജമല്ലയോസംഗം?
പുത്തുതാമിതിഹാസമൊന്നോതിക്കഴി,ച്ചെന്നിൽ
പതിയുമൃണംതീർക്കാ,മതിനായൊരുങ്ങുന്നേൻ,
സരസം,സുഖാസ്വാദം,സായുജ്യസിദ്ധിപ്രദം,
പരമം,പരമാർത്ഥം,പാവനം,പുരാതനം,
പുണ്യമാമിതിഹാസംകേൾക്കവിനെല്ലാവരും,
ഗണ്യമല്ലൊരാളാലുമായതിനെഴുംഫലം:—

സാധനചതുഷ്ടയസമ്പദാസമൃദ്ധരായ്,
ബോധയുക്താന്തസ്ഥവാസനാവിശുദ്ധരായ്,
അഷ്ടാംഗയോഗമുഖ്യാനുഷ്ഠാനനിരതരായ്,
ശിഷ്ടരാംമുനിമാരാൽജുഷ്ടമായ്,പ്രശസ്തമായ്,

പാൎത്തലമെങ്ങുംകീൎത്തിപ്പെട്ടോരുമഹാധൎമ്മ-
ക്ഷേത്രമാം‘ബദരികാശ്രമ’ത്തിലൊരുദിനം,
വന്ദ്യനാംവസിഷ്ഠനും,വാല്മീകി,വേദവ്യാസൻ,
കണ്വനും,കപിലനും,കാശ്യപൻ,കലശജൻ,
ജൈമിനി,ജാബാലിയും,ഗൌതമൻ,പരാശരൻ,
ലോമശൻ,ശതാനന്ദൻ,കൌശികൻ,ഭരദ്വാജൻ,
അത്രി,യെന്നിവരും,മററനേകംമുനികളു-
മൊത്തൊരുമിച്ചു,തത്വചിന്തകൾതുടരവേ,
താരുണ്ണിത്തിരുമകൻ,നാരദതപോധനൻ,
ശാരദജലധരസുന്ദരശരീരവാൻ,
കാലുനാഴികപോലുംപഴതേകളയാതെ
മൂലോകപ്രദക്ഷിണംചെയ്യുന്നമഹാശയൻ,
സാരസനാഭപാദസാരസസ്തുതിസുധാ-
സാരസേചനശുദ്ധമാനസൻ,സദാനന്ദൻ,
നാമകീൎത്തനംനിജവീണയിൽപ്പാടി,ശ്രുതി-
സ്തോമത്തെക്കളിപ്പിച്ചുംകൊണ്ടെത്തിച്ചേൎന്നീടിനാൻ.
സഭ്യരാംമഹൎഷിമാർ,സത്വരമെഴുന്നേററു
നിൎഭരാനന്ദംപൂണ്ടുനിയമിപ്രവീരനെ,
ശരിയായുപചരി,ച്ചുത്തമാസനത്തിന്മേ-
ലിരുത്തി,വണക്കത്തിലിങ്ങിനെയുരചെയ്താർ:—
“മംഗളാത്മാവായുള്ളമാമുനേ!തവാഗമാൽ
ഞങ്ങളോകൃതാൎത്ഥരായ്ച്ചമഞ്ഞു,മഹാഭാഗ്യം.
കേവലംത്വത്സന്നിധിശൂന്യമാംസദസ്സിതു
ദേവനില്ലാതുള്ളദേവാലയംപോലെയല്ലോ.

കുററമായതുതീൎത്തോരിമ്മുഹൂൎത്തത്തെഞങ്ങ-
ളുററമററിടുംനന്ദ്യാചേതസ്സിൽസ്മരിക്കുന്നു;
എവിടെനിന്നാണിപ്പോ?ളെന്തൊരുവിശേഷമു-
ണ്ടവനീമണ്ഡലത്തിൽപ്പറവാൻതക്കവണ്ണം?
ഭവികവൎണ്ണാശ്രമധൎമ്മത്തെയെല്ലാംനീക്കി,
വിവിധദുരാചാരക്കൊടിക്കൂറകൾതൂക്കി,-
വിളയാടീടുംകലിക്രൂരന്റെകയ്യേററത്താ-
ലിളകി,ക്കലുഷമായ്ത്തീൎന്നല്ലോജഗത്തെല്ലാം;
തടഞ്ഞുപെരുവഴിപാരിലീഞങ്ങൾക്കിപ്പോൾ;
മുടങ്ങിതൽകാരണാൽലോകവൃത്താന്തജ്ഞാനം;
എങ്കിലും,സമാശ്വാസമുണ്ടിങ്ങു,ഭവാ,നതിൽ-
പങ്കുകൊണ്ടീടായ്കയാ,ലുന്നതഗുണനിധേ!
ലൌകികവിഷയങ്ങളറിവാൻഞങ്ങൾക്കിപ്പോൾ
പാകത്തിലാദൎശമവിടുന്നൊരുത്തനാം;
ഇദ്ധരാലോകത്തിലെവിശേഷവൃത്താന്തങ്ങൾ
സിദ്ധനാംഭവാനിന്നുവിസ്തരിച്ചുരക്കേണം,
ശ്രോതൃകാമരായ്ക്കാകുന്നിജ്ജനങ്ങളിൽ,ബ്രഹ്മൻ!
ധാതൃനന്ദനാ!കിഞ്ചിൽക്കനിവുണ്ടായീടേണം-”

കല്യരാംസദസ്യർതൻഭാഷിതമേവംകേട്ടു-
കല്യാണാംബുധി,വീണാപാണിയുമുരചെയ്താൻ:—
“ദിവ്യജ്ഞാനികളായിസ്സൎവ്വദാവൎത്തിക്കുന്ന
ഭവ്യരാംഭവാന്മാരോടെന്തുഞാൻപറയേണ്ടു?
പ്രീതി,യൊന്നിവനോതിക്കേൾക്കണമെന്നാകി,ല-
പ്രീതിയുമെനിക്കില്ലാ,ചൊല്ലിടാമനുഭവം.

ഇക്കഥകലിയുഗേവിസ്മയാവഹമേററം,
സൽക്കഥാരഹിതമായ്കാലമുണ്ടാകാറുണ്ടോ?
ഒരുനാളിതിന്നിടെ,വിഷ്ണുപദാത്താശ്രദ്ധാ-
പരനായ്,തനിയേഞാൻവ്യോമസഞ്ചാരംചെയ്യേൻ
ദുർവൃത്തൻ,കലിദൂരത്തോടുവാൻദിവ്യൌഷധം,
സർവ്വപാതകഹരം,മാധവനാമസ്തവം,
പാടിയും,രസത്തിൽഞാനാടിയുംനടക്കുമ്പോൾ
നാടുകളെമ്പാടുമെൻദൃഷ്ടിഗോചരങ്ങളായ്;
ദുരിതാവൃതങ്ങളാംജഗദാചരണങ്ങൾ
പരിതാപേനപാർത്തു,കരൾതാർകലങ്ങവേ,
ആരാ,ലൃജ്ജിതവാദ്യനിസ്വനകോലാഹലം
പാരാതെൻകർണ്ണദ്വയമാകർഷിച്ചിതു,തുലോം
ഏതുഭൂഭാഗത്തിങ്കൽനിന്നാണീനിർഘോഷമെ-
ന്നേതുമേതിരിയാതെ,ചുററിഞാൻതിരയവേ,
ഉത്തരകേരളത്തിലൊരിട,ത്തൊരുത്സവം
ചിത്രമേ!കാണായ്വന്നുയാമിനീകാലത്തിങ്കൽ
സൂചികുത്തുവാൻപോലുംപഴുതില്ലാതേകടൽ-
വീചിപോൽതള്ളിത്തള്ളിക്കേറുന്നുജനക്കൂട്ടം;
കാഹള,മിടക്കയും,മദ്ദളം,മൃദംഗവും,
മോഹനമായമണിപ്പന്തലും,ദീപങ്ങളും,
പാട്ടു,മാട്ടവും,കൂത്തും,കീർത്തനങ്ങളും,കൊടി-
ക്കൂട്ടവും,മഹാകേമമുത്സവമെന്നേവേണ്ടു.
എന്തിതെന്നറിയേണ,മെന്നലമുല്ലൂണ്ടയാ
ചിന്തിച്ചു,നഭസ്സിൽനിന്നൂഴിയിലിറങ്ങിഞാൻ

ധരണീസുരാകാരംധരിച്ചു,മഹോത്സവം
തിരളുന്നേടത്തെത്തി,പലരുംചേരുംപോലെ;
എരമ്പി,യിടതിങ്ങി,ഞെരുങ്ങുമാൾക്കൂട്ടത്തിൻ-
തിരക്കിലകപ്പെട്ടുപരുങ്ങിയില്ലെന്നില്ല;
പൊട്ടിട്ടുംകമ്പങ്ങളും,ബാണങ്ങൾ,മത്താപ്പുകൾ,
തൊട്ടിലാട്ടവും,ചീട്ടും,ചട്ടിയും,കളികളും,
ഈവകയോരോന്നുകണ്ടങ്ങിങ്ങുനടക്കവേ
'ദേവദത്ത'നെന്നൊരുവിപ്രനെക്കണ്ടെത്തിനേൻ.
സാധുശീലനാകുമദ്ദേഹമായ്സംസാരിച്ചു
ബാധയറ്റൊരുദിക്കിൽകൊണ്ടുപോയ്സസ്നേഹംഞാൻ.
ഉത്തരീയവുമഴി,ച്ചുസ്ഥലത്തിരുപേരും
പുത്തനാകിയപച്ചപ്പുല്ലണിനിലത്തിങ്കൽ,
ഇരുന്നുയഥാസുഖ,മെന്നതിൻശേഷംധരാ-
സുരവര്യനോടുഞാനിങ്ങിനെചോദ്യംചെയ്തു:—
'ഞാനൊരുവഴിപോക്കൻ;കാര്യസംഗതികൊണ്ടാ-
ണീനിലത്തെത്തുപെട്ടതെന്നതുധരിച്ചാലും;
കൌതുകകരമാമീയുത്സവം,കഥിച്ചാലു-
മേതുദേവതയെയുദ്ദേശിച്ചുനടത്തുന്നു?
മൂർത്തികൾമൂന്നുപേരാ,ണീമർത്ത്യരാരാധിക്കും
മൂർത്തിതാൻകപാലിയോ,വിഷ്ണുവോ,വിധാതാവോ?
മുപ്പത്തുമുക്കോടിയാംദേവതാഗണങ്ങളി-
ലുൾപ്പെട്ടമൊരുത്തനോ?നീചദേവതകളോ?'
എന്നുടെചോദ്യംകേട്ടുചിരിച്ചുമഹീദേവൻ
'നന്നു,നന്നിതുകൊള്ളാ'മെന്നവനാരംഭിച്ചാൻ:—

'നല്ലശിക്ഷയായ്ചോദ്യം,ഭൂസുരശിഖാമണേ!
വല്ലാതെചിരിച്ചുപോമേവനുമിതുകേട്ടാൽ;
ഇന്നാട്ടിലെവിടെയുമങ്ങേയ്ക്കുപരിചയം
നന്നേയില്ലെന്നുപറയാതെതാനറിഞ്ഞീടാം;
ഇക്കാലംപാതിവ്രത്യംമൂർത്തിമത്തായിത്തീർന്ന്
ചൊല്ലേറുമുള്ളം'കടാങ്കോട്ടുമാക്ക'മെന്നൊരുവളെ,
ദിക്കാകെപ്പുകഴ്ന്നുതൽകഥാമാഹാത്മ്യത്താ-
ലിക്കാണുംജനങ്ങളിന്നവളെബ്ഭജിക്കുന്നു.
സന്തതംസമ്പത്തിന്നും,കേളിക്കും,വിശേഷിച്ചു
സന്തതിക്കുമാസ്സാദ്ധ്വീമൌലിയെസ്സേവിക്കുന്നു;
കേവലംമനുഷ്യസ്ത്രീയാകില്ല,മൊട്ടുവവൾ
ദേവാംശഭൂതയായിത്തീർന്നുപോൽ,ദ്വിജമണേ!
അമ്മഹാഭാഗയാളെക്കുറിച്ചാണിവരിഹ
നന്മയിൽകൊണ്ടാടുന്നതുത്സവ,മറിഞ്ഞാലും.'
വിപ്രസത്തമനോടുവിസ്മയപുരസ്സരം
ക്ഷിപ്രമിപ്പടിവീണ്ടുംപൃച്ഛിച്ചേൻ,മുനിമാരേ!
'ചിത്രമേ!ചിത്ര!മൊരുമാനുഷനിതംബിനി-
ക്കിത്രയുംസമ്പൂജ്യതഭവിപ്പാനെന്തുബന്ധം?
ലലനാമണിയുടെചരിതമഖിലവു-
മലസാ,തെന്നോടിപ്പോൾപറഞ്ഞേമതിയാവൂ.'
നിർബ്ബന്ധപ്രശ്നംമമകേട്ടപ്പോൾ'ദേവദത്തൻ'
കിൽബിഷഹരോദന്തംപറഞ്ഞു,തുടച്ചയായ്:—
'കേട്ടാലും,മലർമങ്കകേളിയാടിടുന്നപൂ-
ന്തോട്ടമായ്,പ്രശസ്തമായ്,ചരിത്രപ്രസിദ്ധമായ്,

വിപുലാദേവിക്കോമൽപ്പൊട്ടായിവിളങ്ങുന്നു
വിപുലസുഖാഢ്യമി‘ക്കേരളാ’ഭിഖ്യംരാജ്യം
‘കേരള’ക്ഷമാശക്രൻ,വിക്രമൻഭരിക്കയാൽ
‘കേരള’മെന്നുനാമംകല്പിച്ചമഹാജനം
ഭാരതീകൃപാപൂരധോരണീനിവാസമായ്,
‘ഭാരത,രാമായണാ’ദികളെക്കിളിപ്പാട്ടിൽ,
ചമച്ചകവിപ്രൌഢൻ‘തുഞ്ചനും’,ഭാഷാഗതി-
ക്കമന്ദപരിഷ്കാരംകൊടുത്ത‘കുഞ്ചൻ’താനും.
‘മാരുതാഗാരാ’ധീശഭക്തർമൌലിയിൽച്ചൂടും
ഹീരമാം‘പട്ടേരി’യും‘പൂന്താനം’,‘ചെറുശ്ശേരി’,
‘പപ്പു’ഭ്രജാനി‘രണ്ടാംകാളിദാസ’നും,പിന്നെ-
ച്ചൊൽപ്പൊങ്ങു‘മഭിനവവ്യാസ’നാംനരേന്ദ്രനും,
മറ്റുമൊട്ടേറെമഹാശയരാംജനങ്ങൾതൻ-
പെറ്റമ്മയല്ലോമലയാളഭൂവിതുസഖേ!
നലമോടിവൾതൻകൈമണിമോതിരംപോലെ
വിലസും‘കടത്തനാ’ടെന്നഭൂഖണ്ഡത്തിങ്കൽ,
ഉണ്ടായിവന്നു‘കടാങ്കോടെ’ന്നുപാരിൽവിളി-
കൊണ്ടനായർവീടൊന്നു,സമ്പത്തിൻവിളനിലം
അക്കുലമണിമാലാനാടുനായകക്കല്ലായ്
ചെൽക്കണ്ണാളൊരുവളുണ്ടായി,പണ്ടൊരുകാലം,
സൽക്രിയാവിധാനത്താലുത്തമാന്തണരുടെ
തൃക്കഴൽക്കമലങ്ങൾ,ജനനീജനകന്മാർ,
അപ്രതിമാനഭക്ത്യാ,സുചിരംസേവിച്ചതിൻ
സൽഫല,മൊരുപെൺകുഞ്ഞായിവന്നതുപോലെ;

ദ്വാദശാദിത്യരൊരുമിച്ചുദിച്ചതുപോലാം
ദ്വാദശാഗ്രജന്മാൎക്കെകസോദരിയായോളവൾ;
'മാക്ക'മെന്നഭിഖ്യയുംകൈക്കൊണ്ടു,കുമാരിയാ-
ളാക്കമൊ,ന്നമൃതാംശുലേഖപോൽവളൎന്നിതു;
താതമാതാക്കൾമരിച്ചതിനാലവളെയാ-
സ്സോദരരധികമായ്പരിലാളിച്ചീടിനാർ;
കണ്ണിണകൊതിക്കുന്നതാകവേകൊണ്ടുകൊട്ടു-
ത്തുണ്ണിമാൻമിഴിയാളെസ്സപ്രേമംവളൎത്തിനാർ;
അഞ്ചിതകളികളും,പുഞ്ചിരിപ്പുതുമയും,
കൊഞ്ചലും,കടൽമാതുമഞ്ചിടുംദേഹാഭയും,
കിഞ്ചനനടത്തവും,നെഞ്ചകംതണുപ്പിക്കും-
പഞ്ചാരപ്പുതുവാക്കും,പാലുപോൽസ്വഭാവവും;
ഇങ്ങിനെവളരുമക്കുഞ്ഞിനെത്താലോലിപ്പാ-
ന,ങ്ങമ്മയച്ഛന്മാൎക്കുയോഗമേകീലാദൈവം!
ബാലലീലാലോകനംചെയ്തുമോദിപ്പാനായു-
ഷ്കാലമുള്ളമ്മയച്ഛന്മാരത്രേസകൃതികൾ;
തൽഭാഗ്യംലഭിക്കാതെയന്തരിച്ചീടുന്നവർ
ദുർഭഗസാമ്രാജ്യത്തിൻചെങ്കോലുവഹിപ്പവർ!
പാണിപല്ലവങ്ങളിൽപൊൻതരിവളകളും,
ശ്രോണിയിലരഞ്ഞാണും,നല്ലരത്താലിക്കൊപ്പും,
ചേലെഴുംകണ്ണങ്ങളിൽപൊൻകുടക്കടുക്കനും,
പാലക്കാമോതിരങ്ങൾകഴുത്തിൽ,തികക്കാശും,
കാൽത്തളിരിണയിങ്കൽകാഞ്ചനത്തളകളും,
നേത്രലോചനങ്ങളിലഞ്ജനപ്രകാശവും,

ബാലശേമുഷിപോലെലോലമായ്ചുമലോളം
നീളമാൎന്നിടചേൎന്നനീലവാർചികുരവും—
ഓമലാളുടെരൂപമീവിധംമിഴികൾക്കു
സോമശീതളമായിശ്ശോഭിച്ചു,നിരന്തരം.
പിച്ചയായ്നടക്കവാ,നുദ്യോഗിച്ചടിരണ്ടും
വെച്ചിടുംനേരംതാനേതാഴത്തുമറികയും,
ഇത്തിരികരകയും,വല്ലവരടുത്തേതാ-
നെത്തിയാ,ലഴലാറിപ്പുഞ്ചിരിപൊഴിക്കയും,
കണ്ടതാസകലവുംകൌതുകാതിരേകത്താൽ
തണ്ടലർമാലയ്ക്കൊത്തകൈകളാലെടുക്കയും,
ശൈശവസിദ്ധങ്ങളാമീദൃശവിഹാരങ്ങൾ
പേശലഗാത്രിചെയ്തനാൾക്കുനാൾവളൎന്നിതു.
വിശ്രുതാചാൎയ്യന്മാരെവെച്ചു,വളരുകാല-
മാശ്രയിച്ചോരോവിദ്യാവിത്തവുംവശത്താക്കി;
പാടാനും,പഠിപ്പാനുംപെണ്ണുങ്ങൾക്കരുതെന്നു
നാടാകെ,ച്ചിലരിപ്പോൾഘോഷിച്ചുനടക്കുന്നു;
വായാടിത്തലവന്മാ,രെന്തൊക്കെപ്പറഞ്ഞാലും,
ശ്രീയാളുംമഹിളമാൎക്കുത്തമംകലാലാഭം;
മാനവും,മറിച്ചപമാനവുംഗൃഹത്തിന്നു
മാനിനിമാരല്ലയോവരുത്തിക്കൂട്ടുന്നതും?
സ്ഥൈാരധീയെഴുമവ,ളുത്തരോത്തരംതന്റെ
ധാരണാബലത്താലും,പാരമുത്സാഹത്താലും,
കാവ്യങ്ങൾ,പുരാണങ്ങൾ,നാടകാ,ലങ്കാരങ്ങൾ,
ശ്രാവ്യമാംസംഗീതവുംപഠിച്ചുസമൎത്ഥയായ്;

സംഗീതവിദ്യാരസസാരസമ്മിളിതമാം
തുംഗസാഹിത്യാമൃതാസ്വാദനം,സുഖമയം;
തൻകിടനില്ലാനന്നു,ഗാഢമാംകലാശുദ്ധി-
തങ്കിടുംകുമാരികളില്ലെന്നുവരുത്തിനാൾ.
കുന്ദവല്ലരിമന്ദംതളിൎത്തുപൂക്കുംപോലെ,
സുന്ദരിക്കംഗംതോറുംക്രമത്താൽമാററംവന്നു;
സൌഭഗാരുണ,നോമൽകൌമാരാചലത്തിൽനി-
ന്നാഭയിൽതാരാണ്യത്തോടടുത്തുപെരുമാറി;
കററക്കാർമുകിൽപോലുംകപ്പുത്തെക്കൊടുത്തീടും
ചെററഗ്രംചുരുണ്ടുള്ളകുന്തളംമനോരമം;
അമ്പിളിക്കലതാനുകമ്പിടുംനിടിലത്തിൽ
കമ്പിക്കുമളിമേചകാളകങ്ങളെക്കണ്ടാൽ,
പൂങ്കുഴലാകുംമങ്കപെററനൽക്കിടാങ്ങൾ,ഉ-
ങ്ങങ്കണഭൂവിൽകളിക്കുന്നതാണെന്നുതോന്നും;
ആനനസ്മരമാംഗല്യാലയപതാകകൾ
ഊന,മാമൃദുചില്ലീവല്ലികൾ,നിരൂപിച്ചാൽ;
വെള്ളത്താർമുഖലക്ഷ്മീവാപിയിൽകളിക്കുന്ന
പിള്ളമീനുകളാവാംപുള്ളിമാൻമിഴിയുഗം;
നാസികാമണിദ്യുതിഭാസുരംനാസാപുടം;
നൈസൎഗ്ഗികാരക്താഭഗണ്ഡമണ്ഡലങ്ങളും;
സുന്ദരതരമുഖചന്ദ്രനിസ്സൃതമായ
മന്ദസുസ്മിതലസച്ചന്ദ്രികാസുഷമയും;
കുന്ദകുഡ്മളങ്ങൾക്കുള്ളസലുണ്ടാക്കുംദന്ത-
വൃന്ദവും,സുമധുരവിദ്രുമാധരങ്ങളും,

കംബുകൈക്കൂപ്പുംകണ്ഠം,കമ്രമാംഭുജങ്ങളു,
മംബുജാസനാകരകൌശലലക്ഷ്യങ്ങളാം;
താഴ്ചയു,മുയച്ചയുംലോകത്തി,ലടുത്തടു-
ത്താശ്ചര്യമാകുംവണ്ണംകാണാമെന്നതുപോലെ,
മാരഖേലനവാപീനാഭിയു,മതിൻമീതെ
മാറിടംനിറയുന്നപോർമുലക്കുടങ്ങളും,
അശ്വത്ഥപത്രോദരസൃഷ്ടിയിൽ,പിഴക്കാതെ
വിശ്വത്തിൽമഹാശില്പിനൂലുവെച്ചതുപോലെ,
ശ്യാമളമായരോമരാജിയും,സുമേഷുവിൻ
കോമളയശസ്തംഭയുഗ്മമാമൂരുക്കളും;
നാകകാമിനിമാൎക്കുംനാണമാം,മവയവ-
ശ്രീകളാ,ലവളേവംലാലസിച്ചിതു,മെന്മേൽ
ലൌകികവ്യവഹാരപ്രതിപാദനങ്ങളി-
ലാകണ്ഠംമുഴുകിയാ,ലൈഹികസുഖമെന്ന്യേ,
എന്തൊരുപരസുഖംപൂകിടുംമനുഷ്യന്മാർ?
ചിന്തിച്ചാ,ലാത്മജ്ഞാനംമാത്രമാണതിൻഗതി
മായയാംതിരശ്ശീലനീക്കി,യപ്പുറംകാണ്മാൻ
ന്യായമില്ലിവൎക്കാൎക്കുംമാംസദൃഷ്ടികളാലെ;
ബന്ധുജീവോഷ്ഠിയാളാത്തത്വചിന്തനങ്ങൾക്കും
സിന്ധുവായ്,സുമങ്ങളിൽസന്മധുകണക്കിനെ;
അത്ര,ലോകത്തിൽക്കാണുംകുന്നിനും,കുഴികൾക്കും,
പ്രത്യംഗമനോജ്ഞയായ്വ്യാപിക്കുംപ്രകൃതിക്കും,
കാററിനും,കൊടുന്തീക്കും,മണ്ണിനും,മണലിനും,
പോററിയാ,യൊരുവസ്തുവുണ്ടെന്നുധരിക്കയാൽ,

നിത്യകൃത്യങ്ങളുടെയാദ്യന്തങ്ങളി, ലവർ
നിത്യവുംധ്യാനിക്കുമശ്ശക്തിയെശ്രദ്ധാപൂർവ്വം
ശംബരാന്തകലീലാഡംബരക്കൊടിയായ
കന്മണി, യനുജത്തിക്കൊത്തൊരു കണവനെ,
ശ്ശുദ്ധമായന്വേഷിച്ചാർ, സുചിരം, വിധിപോലെ-
യ്യൂഢദാരരാംപെന്തിരണ്ടുപേർ, സഹജന്മാർ;
മംഗലത്താലിയല്ലാതംഗനമാരും, മുടി-
ഭംഗമാർന്നരചരുംഭൂമീഭാരങ്ങളല്ലോ;
നീതിയും, പ്രഭാവവും, മാനവും, മര്യാദയും,
ഖ്യാതിയും, പഴക്കവും, മുതലും, മഹിമയും,
അമ്പിലാളിട്ട'മിളങ്ങുററി*ലെ'ത്തറവാട്ടിൽ.
'നമ്പർനമ്പിയാ'രെന്നപ്പൂരുഷപ്രവരനെ,
പന്തണിസ്തനിയാളാംസാധ്വിമാർമണിമാല
ചന്തത്തിൽനിജഭർത്താവാക്കി, സന്മുഹൂർത്തത്തിൽ;
സ്ഥാരസൌശീല്യത്തോടുസൌന്ദര്യംകണക്കെയും,
ചാരുവിദ്യയോടൊപ്പംവിനയംകണക്കെയും,
ഒത്തുചേർന്നിരുവരും, വല്ലഭാദയിതന്മാർ,
ഉത്തമകുലപുണ്യശ്രീഫലായമാനന്മാർ,
സൽകലാകുശലന്മാർ, സൽഗുണപ്രസിദ്ധന്മാർ,
ഉൽകൃപാഭരിതന്മാ, രൂർജ്ജിതഹൃദയന്മാർ,
ഈശ്വരീപദപത്മോപാസനാനിലീനന്മാർ,
ശാശ്വതപ്രണയമാംപീയൂഷതടാകത്തിൽ,

* ഈ തറവാട് അക്കാലത്തു സുപ്രസിദ്ധമായ ഒന്നായിരുന്നു എന്നതിന്നു വേറെയും ചില തെളിവുകളുണ്ട്.

സാരസായുധരസപ്പൊന്നോടമേറിത്തുഴ-
ഞ്ഞേറെയാഹ്ളാദംതേടി,ക്രീഡിച്ചും,ചിലനേരം
തത്വചിന്തനത്തണ്ടാ,ലത്തോണിനിറുത്തിയു-
മുത്തമസ്നേഹത്തോടേകാലയാപനംചെയ്താർ.
ഭ്രാതൃഭാമിനിമാരിലൊക്കെയു,മകൈതവ-
പ്രീതിയോടത്രെ പെരുമാറിപ്പോന്നതുമാക്കം;
'നാത്തൂ*ന്മാ'ർക്കവളോടാണെങ്കി,ലങ്ങിനെയല്ല,
ചീർത്തിതുദിനംതോറുംമാത്സര്യമവർക്കുള്ളിൽ;
കെട്ടിയപുമാന്മാർതൻസർവ്വസ്വംസഹജതൻ-
പെട്ടിയിൽത്തന്നെതിക്കിക്കേറ്റിടുന്നതുകാൺകെ,
ദുഷ്ടചേഷ്ടിതമാരായിടുമച്ചേട്ടത്തികൾ-
ക്കിഷ്ടവു,മഹമ്മുഖച്ഛായപോൽചുരുങ്ങിപ്പോയ്;
ജ്യേഷ്ഠരിൽകനിഷ്ഠനാം'രാമർനമ്പിയാ'ർക്കതി-
ശ്രേഷ്ഠയാംസഹജയിൽസ്നേഹമൊട്ടേറുംപണ്ടേ;
രാമർനമ്പിയാരുടെപത്നിയാം'പുരാ¶ണി'യു-
മാമട്ടിൽസ്നേഹിച്ചിതുഭർത്തൃസോദരിയാളെ;
പ്രേമവും,വിനീതിയും,ഭക്തിയു,മൊരുമയും
ക്ഷേമമായ്,വേണ്ടുംപോലെവീട്ടുകാരോടൊക്കെയും,
നീക്കമെന്നിയെഭാവി,ച്ചാത്മനായകനോടും

---

*= ചേട്ടത്തിയമ്മമാർ; ഇതു 'മാക്കംതോറ്റ'ത്തിൽ കാണുന്ന വാക്കാണ്.

¶ ഈ പേർ ഗ്രന്ഥകർത്താക്കൾ സ്വീകരിച്ചതാണ്. 'മാക്കംതോറ്റ'ത്തിൽ അത്രവളരെ പറയപ്പെട്ടു കാണാത്തതുകൊണ്ടു സ്വാതന്ത്ര്യം സ്വീകരിക്കേണ്ടിരുന്നു.

‘മാക്ക’ മാവസിച്ചിതു, മേദിനീസുരേശ്വര!’
ദേവൎഷിപ്രവരനാം നാരദൻ, മുനിമാരോ-
ടേവമദ്വിജൻതന്നോടോതിയതറിയിച്ചാൻ.
‘കൊഞ്ചുവൻകഥാശേഷം നാളെരാവിലെ’യെന്നാ-
യഞ്ചുവൎണ്ണങ്ങളഞ്ചും തത്തയുമടങ്ങിനാൾ.

ആദ്യഖണ്ഡം സമാപ്തം.

# മദ്ധ്യഖണ്ഡം.

## സുന്ദരകാണ്ഡമട്ട്.

(കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്.)

'ഫലിതമൊഴിപറവതിനുപാടവംകൂടുന്ന
പൈങ്കിളിതൻകുലത്തിങ്കലെത്തിങ്കളേ!
പവിഴമണിപണിയുമതിപാടലച്ഛായമാം
പൂങ്കൊക്കുകൊണ്ടുനീകോരിച്ചൊരിഞ്ഞിടും
പരമശുഭചരിതസുധ,പാനംകഴിക്കയാൽ
പാരമാനന്ദംവരുന്നുനമുക്കഹോ,
പറകകഥ,പരിചിനൊടു,പാവനംശേഷവും,
പാപംശമിക്കുമേ,ചൊൽകിലും,കേൾക്കിലും;
മതിതളരു,മുടൽപൊടിയുമേറെശ്രമിക്കിൽനീ,
മാന്യേ!വിശേഷിച്ചു,മൃദ്വംഗിയല്ലയോ?
മലർമധുകൾ,ഗുള,പൃഥുക,സിതകൾ,കദളിപ്പഴം,
മുന്തിരിങ്ങാപ്പഴം,പാലുംകഴിക്കെടോ.'

ഇതിമധുരമൊഴികൾ,കിളികേട്ടു,ഭുജിച്ചുകൊ-
ണ്ടിച്ഛാനുരൂപംപറഞ്ഞുതുടങ്ങിനാൾ:—
'ഇഹപറയുമരിയൊരിതിഹാസത്തെ,നാരദ-
നിത്ഥംപറഞ്ഞുമുനിവരന്മാരൊടായ്:—

‘തികയുമഴകൊളിയുടയ ‘മാക്കം’ ഗൃഹിണിയായ്-
ത്തീൎന്നതിൻപിമ്പുള്ളവൃത്താന്തമോതുവാൻ,
ദയ,യിവനിലരുളിടണ,മെന്നപേക്ഷിക്കയാൽ,
‘ദേവദത്ത’ദ്വിജനെന്നോടുചൊല്ലിനാൻ:—
‘ശൃണു,സരസ!ധരണിസുര!ശേഷംകഥാരസം;
ശൃംഗാരഭൃംഗാരവിന്ദിനീസന്നിഭർ,
നളിനശരരതിസദൃശർ,നന്നായ്രമിച്ചതേ
‘നമ്പർനമ്പ്യാരു’മാ‘മാക്ക’മാംതന്വിയും;
മലർനിറയുമലർവനിയിൽ,മൃദുപവനനേല്ക്കയും,
മാളികാമീഞ്ചാമ്പുറത്താടിവാഴ്കയും,
മലയജമൊ,ടകിൽഘുസൃണലേപംധരിക്കയും,
മാലതീമല്ലമാല്യങ്ങളണികയും,
പകലിരവു,പടുതയൊടുപകിട,ചതുരംഗവും,
പാട്ടു,മാട്ടു,മിവകൊണ്ടുകളിക്കയും,
പരഗതിയെയരുളുമമലാൎത്ഥപുരാണങ്ങൾ
പാരായണംചെയ്തു,സാരംഗ്രഹിക്കയും,
നവയുവതിയുടെനടനരംഗമാംമേനിയെ
നാളീകബാണനുകാണംകൊടുക്കയും,
ശശിലസിതനിശയി,ലവർചേൎന്നു,വരാന്തയിൽ
‘ശാകുന്തളം’നോക്കി,നോക്കിരസിക്കയും,
മനസിജനുമദമരുളുമമലമൃദുഹാസവും,
മഞ്ജുളനോട്ടവും,വാക്കുംപൊഴിക്കയും,
വളകളുടെകളകളനിനാദംവിനാ,നല്ല-
വാർകുന്തളംവൊന്നിടുമ്പോളസൂയയാൽ,

തടമുലക,ളിളകി,മൃദുപട്ടാവുക്കയെ-
ത്തട്ടിത്തുളുമ്പുന്നതോർത്തു ചിരിക്കയും,
പുളകമൊടുമുലകൾ,കൃതകൃത്യതപമേല്ക്കവേ,
പൊന്നരഞ്ഞാണഴിയുമ്പോൾമദിക്കയും;
തകൃതിയൊടുമവരിതിരമിച്ചുവാഴുന്നനാൾ
തണ്ടാർദളാക്ഷിക്കതീണ്ടാരിനിന്നതേ.
ചടുലമിഴിചപലതവെടിഞ്ഞു,മുലക്കണ്ണു
ചേട്ടത്തിമാർമുഖത്തോടുംകറുത്തതേ;
കടുകിനൊടുസദൃശകടിനിത്യംതടിച്ചു,തൻ-
കാന്തനുംജ്യേഷ്ഠക്കുമുൾത്തോഷമായിതു;
പുരുസുകൃതവിധിക,ളവർചെയ്താർ'പുളികുടി'
'പുംസവന'ങ്ങൾഘോഷത്തിൽകഴിച്ചതേ;
ഒരുസുഭഗസുതനെയവൾപെറാൾശുഭനാളി-
ലോമനപ്പൈതലേലാളിച്ചുവീട്ടുകാർ,
ചതുരതയൊടുപഹൃതജനേക്ഷണൻബാലനു
'ചാത്തു'വെന്നിട്ടിതുനാമധേയത്തിനെ;
പെരിയഗുണനിലനരനുബുദ്ധിക്കവേണ്ടതാം,
പേരിൽവേണ്ടെന്നതാൻപണ്ടുള്ളവർമതം;
കുതുകമൊടു,ശിശുനിലയെവിട്ടങ്ങു,വിദ്യയെ-
ക്കുത്തുള്ളബുദ്ധിയാൽ'ചാത്തു'പഠിച്ചതേ;
അഖിലജനകുവലയശശാങ്കനായ്'ച്ചാത്തു'താ-
നാനന്ദശീലനായ്ത്തത്രവളരവേ,
പെരുമപലതിയലിന'കടാങ്കോട്ടു'വീടതിൽ.
പെൺപൈതലില്ലാഞ്ഞുദുഃഖിച്ചുവീട്ടുകാർ;

സഹജരവരൊരുമരുമകളെവീക്ഷിക്കവാൻ
സൽകൎമ്മമോരോന്നുസാദരംചെയ്തുപോൽ;
ദുരിതഹതിയതിനു,പുനരായിരത്തിൽപരം,
ദ്വാദശിനാൾ,കാൽകഴുകിച്ചുവിപ്രരെ;
ദ്രവിണമൊരുപടിവിതറി,വിപ്രൎക്കുദക്ഷിണാ-
ദാനങ്ങൾകൊണ്ടതിതൃപ്തിവരുത്തിനാർ;
നെടിയശുഭഫലദകുലധൎമ്മദൈവങ്ങൾക്കു
നേൎച്ച,വഴിപാടു,മൊറ്റപ്പിക്കകാരണം,
മതിമുഖികൾമകുടമണിമാക്കത്തിരണ്ടായി
മാംഗല്യകൎമ്മഫലോദയം,ദൌഹൃദം;
പുന,രരിയപൊഴുതിലവൾപെറുപെൺപൈതലെ,
പ്പൂമങ്കയെപ്പണ്ടുപാലാഴിപോലവേ,
കുളിരുമകതളിരൊടഥകുട്ടിയെക്കാണുവാൻ
കൂട്ടമായ്കൂട്ടമായ്കൂടിനാർനാട്ടുകാർ;
കനിവൊടനവധിമുതലുകുട്ടിയെക്കാണ്മോൎക്കു
കാന്തനുംജ്യേഷ്ഠരുംകോരിക്കൊടുത്തുതേ;
കളികളൊട്ടമവരുടയകണ്ണുകവൎന്നങ്ങു
കൈകാലിളക്കിക്കിടന്നിതുബാലികാ;
ഇളനളിനദളമിഴിയുമിളകുമളകാഭയും,
ഇന്ദുബിംബാനനഭംഗിയുംതിങ്ങിടും,
മരുമകളെയമിതതരവാത്സല്യപൂൎവ്വമായ്
മാതുലന്മാർമുത്തി,ലാളിപ്പതുകണ്ടു,
ചതിപെരുകു,മതികുടിലമാരാംപതിനൊന്നു-
ചേട്ടത്തിയമ്മമാൎക്കീൎഷ്യമുഴക്കിലും,

പുറമെയവർ,ശുഭമതി'പുരാണി'യെപ്പോലവേ
പുഞ്ചിരിപ്പൂശലാൽസൌഹൃദംകാട്ടിനാർ,
പതികളൊടുപലതവണ,സുമതി'മാക്ക'ത്തിനെ-
പ്പററി'ത്തലോണമന്ത്രം'പ്രയോഗിക്കിലും,
പഴുതതിനുപതികളൊരുലേശംകൊടുത്തീല,
പാവനശീലരാണപ്പുമാന്മാർസ്വതേ;
നലമൊടവർ,നിജഭഗിനിതൻപുത്രിയാളുടെ
നാമകരണംകഴിപ്പാനൊരുങ്ങിനാർ.
ബഹുവിഭവസഹിത,മഥസദ്യകഴിക്കുവാൻ
ബന്ധുക്കളോടൊത്തുചിന്തിച്ചൊരുങ്ങിനാർ;
സഹജരുടെരമണികൾ,'പുരാണി'യൊഴിഞ്ഞത്തു
സൎവ്വരുംകണ്ടുസഹിക്കാതെയായിതെ.
സതി,രമണസഹജയുടെസാധുശീലത്വവും
സന്മാൎഗ്ഗദൃഷ്ടിയും,സത്യൈകനിഷ്ഠയും,
സഹജരൊടുബഹുവിനയഭക്തിയുംതൽപ്രിയാ-
സന്താനകങ്ങളിൽസ്ഥായിയും,ചേൎച്ചയും,
ഇതിവിവിധഗുണനിരകൾ,'മാക്ക'ത്തിനായവർ
ഈൎഷ്യപെരുക്കയാൽദോഷങ്ങളാക്കിനാർ;
സഹജമിതു,ധരണിസുര!ഹന്ത,നിഷ്കാരണം
സജ്ജനദൂഷണം,ദുൎജ്ജനഭാഷണം.
മഹിയി,ലതിതെളിവരുളുമൎക്കപ്രദീപ്തിയെ
മന്ദരാംമൂങ്ങകളെങ്ങുംപൊറുക്കുമോ?
പലകുറിയു,മവ,രവളെരഹസിദൂഷിച്ചതു
പാൎത്തു'പുരാണി'യെതിൎക്കുകകാരണം,

പകയോടവ,രവളെയുമജസ്രംദൂഷിക്കയായ്,
പാപിഷ്ഠമാക്കെന്തുചെയ്തുകൂടാത്തതും?
ഒരുദിവസ,മവർരഹസിദൂഷണംചെയ്യുവാ–
നൊത്തൊരുമിച്ചുപുറപ്പെട്ടിതിങ്ങിനെ;
'മഹിയിലൊരുമഹിളയിഹഭാഗ്യത്തഴപ്പിനാൽ
'മാക്ക'ത്തിനൊത്തവളാരുണ്ടുനോക്കുവിൻ!
അമിതരസ,മവളുടയചൊൽപ്പടിക്കാരിവർ,
ആങ്ങളമാർപന്തിരണ്ടുപേരുംസദാ;
ദയിതരെയു,മിവളെയുമൊരേമട്ടുസേവിച്ചു
ദാസിമാരായിങ്ങുതാമസിക്കുന്നുനാം!
പുതുവളകൾ,പെരിയപലപത്താക്കുകോഴയും,
പൊന്നരഞ്ഞാണം,പതക്കവും,തോടയും,
പലതരവു,മിവളിൽവിലകൂടുന്നമേത്തരം
പൊൻപണ്ടമെത്രയാ,ണെണ്ണിയാൽതീരുമോ?
കണവരിവരൊരുമയൊടുയത്നിച്ചുനേടുന്ന
കണ്ടം,പറമ്പുകൾ,പണ്ടം,പണങ്ങളും,
വകതിരിവുവെളിവിലൊരുലേശമില്ലാത്തൊരീ–
വേശ്യയോടോതിക്കണക്കുകേൾപ്പിക്കണം!
ശിവശിവനെ!കുലടയുടെനാട്യവും,നോട്ടവും,
ശൃംഗാരവുംകണ്ടാളുന്നുമാനസം;
പതിവിൽനിജപതിയൊടുപുരാണവും,ശാസ്ത്രവും
പാടിയു,മർത്ഥംപറഞ്ഞുമിരിക്കുന്നു!
എഴുതുമിവൾനിജവരനെഴുത്തുംപലക്കുമായ്,
ഏവംനടപ്പൊക്കെവേശ്യമാർക്കല്ലയോ?

വലിയൊരുപകിട്ടിനാൽപാട്ടിൽപിടിച്ചിവൾ
വമ്പനാം‘നമ്പറെ’കുമ്പിടീക്കുന്നിതാ;
വളരെവിരുതെഴമരിയവാലിയക്കാരെയും
വശ്യത്തിനാലിവൾപാട്ടിൽപിടിപ്പതെ;
കലിയുടയകഥപറകിൽ‘മൂങ്ങണ’,മെങ്കിലും
കാലമവൾക്കനുകൂലം,നിനക്കുവിൻ:
പൊലിമയൊടുകമലഭവ,നവളുടെശിരസ്സതിൽ
പൊന്നെഴുത്താണിയാൽതന്നെവരച്ചിതു;
മടയ,നതിക്രമതി,വിധിനമ്മുടെമണ്ടയിൽ
‘മട്ടക്കണ’കൊണ്ടുകുത്തിക്കുറിച്ചിതു;
എളിയനീലയൊടുകഴിയുമിന്നമുക്കായ്മുത–
ലെന്തൊന്നുതന്നുകണവരിതേവരെ?
വലിയമുതൽവരവുതറവാട്ടിന്നിരിക്കവെ
വല്ലതുംവല്ലഭരേകാൻതുനിയുകിൽ,
ചട്ടവികൃതി,യിവളൊരുനിമിത്തമായല്ലയോ
പാടില്ലതെന്നുനിനക്കുന്നതുമവർ?
അതിലുമതിവിഷമ,മിവൾപൊറുപെൺപൈതലെ,
ആങ്ങളമാർക്കതിൽതൃപ്തിദിനംപ്രതി;
ചെറിയമരുമകളൊരുവളിപ്പെണ്ണിനിങ്ങിനെ
‘ചോറൂണി’നായിട്ടുവട്ടമൊരുക്കിയാൽ,
നലമൊടിനിവരുമരിയകല്യാണഘോഷങ്ങൾ
നാംകാണ്മതേക്കാൾമരിക്കുന്നതുത്തമം.’
അതുപൊഴുതി,ലവരിലതിമൂഢയാംരാക്ഷസി,

ആത്താരോഷംപറഞ്ഞാൻ—'നാംമരിക്കയോ?
അതികുടിലമതി,കുലട,'മാക്ക'വുംമക്കളും
അത്രനാംവാഴ്കവേജീവിച്ചിരിക്കയോ?
ഇതിനൊളിവിലൊരുചതിയെടുക്കേണമിന്നുനാം
ഇല്ലദോഷംശത്രുതന്നെയമത്തിയാൽ;
ചതിയതിനു,ചതുരമതി,വെപ്പുകാക്കത്തമൻ,
'ചാപ്പ'നെക്കൊണ്ടുനാംചെയ്യിക്കണംദൃഢം.
അതിനുടനെ,യവനുതുകയൊപ്പിച്ചുകൊണ്ടുനാ-
മയ്യായിരംപണംകെട്ടിക്കൊടുക്കണം.'
സഭയി,ലവരിതിദുരിതകാര്യംതദാസവ്വ-
സമ്മതമാക്കി,വിളിച്ചിതു'ചാപ്പനെ'-
ചിലതവനുചെവിയിലുപദേശിച്ചപോതവൻ
'ചെയ്യില്ലഞാ'നെന്നുഖണ്ഡിച്ചുരക്കവേ,
അതിൽ,വിഷമ,മവരഥവിചാരിച്ചു,പെണ്ങളി-
ലാങ്ങളമാക്കതിവൈരംജനിക്കുവാൻ;
പരിചിനൊടുമുടനെയൊരുസൂത്രംനിരൂപിച്ചു,
പിന്നെയും'ചാപ്പൻെറ'കണ്ണത്തിലോതിനാർ.
അനുസരണമൊഴി,യതി'നതാവാം,പണംപാതി-
യാദ്യമേകിട്ടേണ'മെന്നായിചാപ്പനും
സ്പദിപുനരവനുപണമെണ്ണിക്കൊടുത്തവർ
സന്തോഷപൂവ്വംസമാജംപിരിഞ്ഞുതേ;
അവരിവിടെരഹസിനിരൂപിച്ചോരുകാരിയം,
അയ്യോ,മഹാപാപ!മെങ്ങിനെചൊൽവുഞാൻ!
ചതിയരുടെചതിയതിനുചൂട്ടുപിടിക്കുന്ന

‘ചാപ്പ’നേകൻപായട്ടെവെളിവിലായ്!
അതിനിടയിൽനിജമരുമകളുടെയപേർവിളി-
ക്കാങ്ങളമാർപലവട്ടങ്ങൾകൂട്ടിനാർ.
പടിയിൽനിജനിലയമതിൽ,നാലുമുററത്തിലും
പന്തലിട്ടേററംവിതാനിച്ചുമെച്ചമായ്;
കലവറയി,ലുരുതരപദാൎത്ഥങ്ങ,ളാഴിയിൽ
കാലേ,പലപുഴപോലേയണഞ്ഞുതേ.
ബഹുമതിയൊ,ടവിടെയതിദൂരത്തിരിക്കുന്ന
ബന്ധുക്കളുംവന്നുകൂടിത്തുടങ്ങിനാർ;
പലചമയ,മടിമുതൽമുടിക്കോളവുംപൂണ്ടു-
പെണ്ണുങ്ങളുംവന്നുതിക്കിത്തിരക്കിനാർ;
അനവധിജനംവന്നുകൂടിനാ,രെന്നുമ-
ല്ലമ്പലത്തിൽസദ്യ,സൎവ്വാണിവാങ്ങുവാൻ,
അവനിസുരരനവധിയണഞ്ഞാർ,മഹോത്സവ-
മങ്ങിനെപണ്ടൊന്നുമുണ്ടായതില്ലപോൽ!
പ്രമദഭര,മഖിലജനമകതളിരിലേല്ക്കവേ,
പുണ്യമുഹൂൎത്തത്തിലച്ഛനമ്മാമരും,
കരവളകൾ,പദവളകൾ,നൽപ്പൊന്നുമോതിരം
കാഞ്ചി,മുമ്പായുള്ളകാഞ്ചനഭൂഷകൾ
ചെറുശിശുവെ,വടിവിലണിയിച്ചു,ഭുജിപ്പിച്ചു
‘ചീരു’വെന്നുള്ളൊരുപേരുംവിളിച്ചുതേ.
സപദി,ചെറുശിശുവിന്നുടെചോറൂണ്കഴിഞ്ഞിട്ടു
സദ്യക്കിലവെച്ചിരുന്നുബന്ധുക്കളും
വിവിധതരവിഭവനിരവേണ്ടോളമാക്കമെ

വെപ്പുകാർവന്നുവിളമ്പിത്തുടങ്ങിനാർ;
ചതികരുതി യതുപൊഴുതിലൊരുമുറിയിൽവേറെയായ്
ചേട്ടത്തിയമ്മമാരെല്ലാമിരുന്നതേ;
ഖലകുശല,നവരൊടുപറഞ്ഞൊത്തപോൽചോറു-
'ചാപ്പൻ'വിളമ്പിനടന്നാൻതിടുക്കമായ്.
'ചടചടനെ'യിലയിലവനന്നംവിളമ്പവേ,
ചൂടോടുപൊങ്ങിവിഷജ്വാല,വിസ്മയം!
നലമൊ,ടൊരുതരുണിയതുനോക്കിഭ്രമിച്ചതിൻ
നാട്യത്തൊടുംതള്ളി നാററിപ്പകച്ചുടൻ,
പതിവിൽവരുമൊരുചെറിയപൂച്ചയ്ക്കുനൽകവേ,
പേടിച്ചുപാച്ചിലാ,യസ്സാധുജീവിയും;
'ചതിയൊടൊരുസുദിനമിതി,ലഹഹഹ!വിഷംതന്നു
'ചാപ്പ'നീഞങ്ങളെക്കൊൽവാനൊരുങ്ങിനാൻ!'
ഇതിവിവശനിലവിളികൾഗൃഹിണികൾമുഴക്കിനാ-
രെന്തിതെന്നേവരുംസംഭ്രമിച്ചീടിനാർ;
ഉടനുടനെലഹളയൊടു,മോടിത്തുടങ്ങിനാ-
രുണ്ണിന്നിരുന്നോരു,മുണ്ണുന്നകൂട്ടരും;
കടുഗരളദഹനകലിതാന്നംപരീക്ഷിച്ചു
കണ്ടവർകണ്ടവർവിസ്മയപ്പെട്ടുപോയ്,
സപദി,ബത!സഹജരവർപന്തിരണ്ടാളുമേ
സക്രോധരൂക്ഷംവിളിച്ചിതുചാപ്പനെ.
ചൊടിപെരുകി,യവർമിഴിയുരുട്ടിച്ചുകപ്പിച്ചു
ചോദിച്ചി'തെന്തൊന്നുചെയ്തുനീ,കശ്മല!'
പലമൊഴിയുമവനൊടുഫലിക്കാഞ്ഞു,പാപിയെ-

പ്പാരംപ്രഹരിക്കയാ,ലവൻചൊല്ലിനാൻ:—
'കൊടിയവിഷമിലകളിലിവർക്കുവിളമ്പിഞാൻ
കൊല്ലോലാ കൊല്ലോലാ,പൊന്നെജമാനരേ!
മടയനിവനൊട്ടുചെറുത്തുമരിശമരുതീവിഷം
"മാക്കംചെറിയമ്മ'*തന്നുകൊടുത്തുഞാൻ"
ഖരഗരളമതിലുമതിതീക്ഷ്ണതക്കൂടുമി-
ക്കള്ളവാഗപജ്ഞംപ്രയോഗിച്ചുനിഷ്കൃപൻ;
ഞൊടിയിടയിലിതുഹൃദിതറച്ചുമഹാജനം
ഞെട്ടി,യിടിയേററപോലവേനില്ക്കയായ്;
ഒരുവിധവുമൊരുപഴുതുമോർക്കാത്തകാര്യമി-
തൊന്നാമതായ്കേട്ടുപൊത്തിചെവിചിലർ;
വിശദഗുണനികരഹതികൃത്താംഗ്രഹച്ഛിദ്ര-
വിത്തുനട്ടിന്നുമുളച്ചി,തെന്നുചിലർ;
അശുഭമൊരുശുഭദിവസമിങ്ങിന്നേകാൺകയാ-
ലാപത്തിവിടെക്കടന്നി,തെന്നുചിലർ;
പലതരവു,മവരവർ,മനോഗതിക്കൊത്തപോൽ
പാപിജനങ്ങളുംപാടിത്തുടങ്ങിനാർ;
കുരളയിതു,കുലിശസമമേററതാക്കിലും
കുസലുണ്ടായില്ല'മാക്ക'ത്തിന്നേതുമേ;
'കുമതിജനകുടിലതയെനന്നായ്ത്തെളിയിച്ചു

---

* വടക്കെ മലയാളത്തിൽ വീട്ടിലമ്മമാരെ, ഭൃത്യന്മാർ "ചെറിയമ്മ' എന്നോ, "കുഞ്ഞതിഅമ്മ" എന്നോ ആണ് അന്നും" ഇന്നും വിളിക്കാറ്.

കൊള്ളുംജഗത്സാക്ഷിയാംദൈവമെങ്കിലും,
സപദി ജനസഭയിൽമമസത്യംമ സ്സുകിൽ
സജ്ജനശങ്കയ്ക്കവകാശമായ്വരും;’
ചരിതമിവളിതികരുതി മക്കളെക്കൈക്കൊണ്ടു
തത്രനിറഞ്ഞസഭയിൽക്കടന്നഥ
പരിചിനൊടു തനയരുടെമൂർദ്ധ്നികൈവെച്ചുടൻ
‘പൊന്നുംപ്രദീപവും’നോക്കിപ്പറഞ്ഞുതേ:—
‘ഉലകുകളിൽമുഴുവനൊരുസത്യസ്വരൂപയായ്
ഉള്ളുംപു ത്തുംനിറഞ്ഞഭഗവതീ!
പൊലിമയൊടുമിഹസദസിസത്യസ്വരൂപയായ്,
പൊന്നായ്, വിളക്കായ്, വിളങ്ങുംഭഗവതീ!
മറകളുടെമറവിലതിസത്യസ്വരൂപയായ്,
മായാമയിയായ്വിളങ്ങുംഭഗവതീ!
വിമലമതിമുകുരമതിലാദിത്യദീപ്തിയായ്,
വിദ്യാമയിയായ്വിളങ്ങുംഭഗവതീ!
കുമതിജനകലുഷമതിയിങ്കലവിദ്യയായ്
കൂരിരുട്ടായുംവിളങ്ങുംഭഗവതീ!
അടിമലരിലടിമയൊടുകഴിയുമടിയങ്ങളെ-
യാരുണ്ടുകാക്കുവാൻ, നീയൊഴിഞ്ഞംബികേ!
കറകളയുവതിനുകനകംകണക്കിങ്ങിനെ
കാച്ചിപ്പഴുപ്പിച്ചുരുക്കുന്നിതെന്നെനീ;
ഉചിതമിതു, ജനനി! തവശാസനമൊക്കയും
ഉത്തമാംഗംകൊണ്ടുകൈക്കൊണ്ടിടുന്നുഞാൻ.
പിറവിമുതലിതുവരെയുമൊരുനിമിഷവേളു, ഞാൻ

പാപപാംപന്ഥാവിലൂടേനടക്കിലും
ഭയവിനയനിലയുമതിഭക്തിയും ജ്യേഷ്ഠരിൽ
ഭാൎയ്യമാരിങ്കലുംഞാൻവിട്ടുനില്ക്കിലും,
മമത,മമസുതരിവരിൽവെച്ചുമജ്ജ്യേഷ്ഠർതൻ-
മക്കളേവേറെയൊന്നാക്കിഞാൻവെക്കിലും
മഹിതജനമിവരുടയമുമ്പിലെൻമക്കൾതൻ-
മൂൎദ്ധാവുപൊട്ടിത്തെറിക്കട്ടെ,യീശ്വരീ!
കടുനരകഫലമരുളുമിത്തൊഴിൽചെയ്യുവാൻ
കഷ്ടം!കിനാവിലുംഞാനോൎത്തിരിക്കിലും,
മഹിതജനമിവരിവിടെനോക്കിനില്ക്കേ മമ-
മൂൎദ്ധാവുപൊട്ടിത്തെറിക്കട്ടെ,യീശ്വരീ!
മുകിൽപണിയുമണിചികുരയാൾ‘മാക്ക’മിങ്ങിനെ-
മൂന്നുവട്ടംചൊല്ലി,നിശ്വസിച്ചീടിനാൾ-
അതിഗഹനശപഥമൊഴികേട്ടു, മഹാജന-
മാശ്ചൎയ്യ,മാശ്ചൎയ്യ,മെന്നോൎത്തിരിക്കവെ,
ചതിവചനനിശിതശരമെയ്തുള്ള‘ചാപ്പ’നും
ചിത്തഭ്രമംപൂണ്ടിളകിപ്പറഞ്ഞുതെ:—
‘പൊളിവചനമഖിലമിതു,നേരല്ലനേരല്ല,
പാപിഞാൻ,പാപിഞാം,നശ്യോവരുന്നിതാ
കടുനിണമൊടരിയകുടർമാലയുംപൂണ്ടു,തീ-
ക്കണ്ണുരുട്ടി,ക്കരിങ്കാളീ,ഭയങ്കരീ!!
മുടിയുമിവർ,മുടിയുമിവർ’എന്നോതിനിഷ്ഠുരൻ
മൂൎദ്ധാവുപൊട്ടിത്തെറിച്ചുമരിച്ചുതെ.
പരമശിവ!പരമശിവ!പരമശിവ!ശങ്കര!

പാപകൎമ്മത്തിൻഫലമേവമല്ലയോ?
സതികൾകുലമകുടമണി'മോക്ഷം'പിടിച്ചൊരീ-
സ്സത്യംജയിച്ചതെ;സത്യംജയിച്ചതെ;
സരസ,മഥകുലസതിയെനോക്കി,നിശ്ചഞ്ചലം
സജ്ജനം,സാക്ഷാൽസതിയെന്നുകണ്ടതെ;
ചകിതമതിയൊടു,ചതിയർചാടിത്തുടങ്ങിനാർ,
ചത്തുള്ളചാപ്പനെക്കണ്ടവർ,കേട്ടവർ;
'സുകൃതമിതു!സുകൃതമിതു!നമ്മുടെ'കള്ളിയെ'[1].
സ്സൂദനാംചാപ്പൻപായാതെചത്തതും,
സുകൃതമിതു!സുകൃതമിതു!നാംപ്രയോഗിച്ചൊരി-
സ്സൂത്രമാൎഗ്ഗേണകാൎയ്യംവരുമെന്നതും,'
അതികലുഷമതികൾ,പതിനൊന്നുപേരമ്മമാർ
അപ്പൊഴുമുള്ളുകൊണ്ടേവംരസിച്ചതെ;
അതിർകവിയുമശുഭമിതുകണ്ടിട്ടു,മീവിഷം-
ആർനിമിത്തം'ചാപ്പ'നേകിയെന്നുള്ളതിൽ,
തെളിവു,ഖലർപലവഴിപറഞ്ഞുഫലിപ്പിച്ചു
തുമ്പെടുക്കാതെ,പതിനൊന്നുചട്ടരും
മതിയിൽനിജസുതദയിതമാരിൽപ്രിയത്തെയും,
മാക.ത്തിൽവൈരവിത്തേയുംവിതച്ചപോൽ!
തദനു,പരമഴലൊടു'പുരാണി'യാമമ്മയും
തൽകാന്തനാകിയ'രാമർനമ്പ്യാ'രുമെ,
അലിവിനൊടു,മൃദുലതര,മാശ്വാസവാക്കിനാ-
ലാശ്വാസിപ്പിച്ചിതു,സാധ്വിമാക്കത്തിനെ-
കറ,കരളിലൊരുതരിയുമേറാതെക,ണ്ടവർ-

1= സപത്നീം; ദേശ്യപദം

ക്കുറെഴംവാക്യങ്ങളോരോന്നുരക്കയാൽ,
മലരഹിതമതിതളിരിൽ‘വന്നതുംപോയതും’
‘മാക്കം’മറന്നു,കളഞ്ഞുമിരിക്കവേ,
ഭുജയുഗളബലവിഭവവിതതജലരാശികൾ
ഭ്രാതാക്കളൊന്നിച്ചുവേട്ടയ്ക്കൊരുങ്ങിനാർ
പുരുമധുരചരിതമിതി‘ദേവദത്ത’ദ്വിജൻ
പൂർണ്ണമോദംപറഞ്ഞാശംസിച്ചീടിനാൻ
നരജനനഫലമുടയതാപസന്മാരൊടായ്
നാരദനിത്ഥംപുകഴ്ത്തിപ്പറഞ്ഞുപോൽ.
കിളിമകളുമലിവൊടിനിനാളെയാമെന്നോതി
കൈക്കൂപ്പിഗൌരിയെച്ചിന്തിച്ചിരുന്നതെ.

മദ്ധ്യഖണ്ഡംസമാപ്തം.

# അന്ത്യഖണ്ഡം

## കൎണ്ണപവ്വരീതി

(കെ. എം. കെ. നായർ, ബി എ. Hons)

'ഇളങ്കിളിപ്പെണ്ണേ! കളസ്മിതാനനേ!
കലാനടനപ്പൊൻകളരിയായോളേ!
കറന്നപാടനൽപ്പശുവിൻപാലിൽ, ഞാൻ
നറുക്കരിയിട്ടുകുറുക്കിവെച്ചുള്ള
സ്ഫടികപാത്രത്തിലൊഴിച്ചു. കൽക്കണ്ടം
പൊടിച്ചതിലിട്ടൊന്നിളക്കിമേളിച്ചു,
ചുടുചുടക്കനെത്തരുന്നിതാ, വന്നു
കുടുകുടെക്കൊത്തിക്കുടിച്ചു, വിക്ലമം
അകററിയക്കഫാതികച്ചുമിക്കാലം
ശുകപ്പിടേ! പാടാനലിവുതോന്നണം.
പടുതാപമേറിടും പ്രഗതഭമാനസ-
രെടുത്തിടും തൊഴി, ലിടയ്ക്കുനിൎത്തുമോ?
പലാശമൊട്ടൊളിത്തുടും കൊക്കിന്നിട-
യ്ക്കുലാഘവം ചൊരും വചസ്സുധാരസം,
നകന്നു, മൌഢ്യവും തകന്നു, പിന്നെയു-
മകക്കെനി, ഞാത്തുതരാനിരക്കുന്നു.'

ഇതിമൊഴികൾ കേട്ടതിപ്രിയതരത്താൽ

പതിയുംദേഹത്തിൻവിയൎപ്പുതുള്ളികൾ
തുടച്ചു ചൈതന്യംകിടച്ചനവ്യമായ്,
ഝടിതിതന്നുടൽകുടഞ്ഞുകീരവും,
മരന്ദധാരയുംതൊഴുന്നപഞ്ചമ-
സ്വരത്തിലിത്തരംപുറപ്പെടുവിച്ചാൾ:-
'പരമഹംസന്മാർ, വരൎഷിമാരൊന്നായ്
സരസിജാസനസുതനൊടുവീണ്ടും,
തിരക്കിനാ, -'രങ്ങേമുഖക്ഷപാകരൻ
ചൊരിഞ്ഞവാചകാമൃതലഹരിയാൽ,
തലകുലുങ്ങിപ്പോയ് പലേരസങ്ങളും
ഫലിതത്തി;ലിതേനിലയ്ക്കുവാഴ്ത്തുവാൻ
ഇതരനാരുണ്ടി?ക്കഥയിലെങ്ങൾക്കു
കുതുകംവായ്ക്കുന്നു മുഴുവൻകേൾക്കണം'
മുരനിഷൂദനാശ്രിതരിലുത്തമൻ,
അരുളി, നാരദൻ, കഥാവിശാരദൻ:-
'കഴിയുംപോലെഞാനുരച്ചിടാ, മെന്നാൽ
പിഴകൾപാറിയാൽപഴിക്കരുതെന്നെ;
കഴിച്ചുകൂടാത്തുള്ളിടങ്ങൾമാത്രമേ
കഴിച്ചുകൂട്ടുവാൻനിനച്ചിടുന്നുള്ളു
മഹിതമാനസൻ, മഹീബുധാഗ്രിമൻ
അഹിതമ, റ്റിദംവചിച്ചുസാദരം:-
'മഹാരഥന്മാരാംസഹജരൊക്കെയും
സഹായികളുമായ്ഗഹനത്തിലെത്തി;

വനതലംചുററിത്തിരഞ്ഞതിനെയും
മണത്തറിയുവാൻമിടുക്കെഴുംനായ്ക്കൾ
കുരച്ചുതുള്ളിയും,പരപ്പിലോടിയും,
പുറത്തിളക്കിനാർപലമൃഗങ്ങളെ
ചിലതവയുടെപിറകെപായുന്നു
ചിലതുപേടിച്ചുതിരിച്ചുമണ്ടുന്നു
മരണഭീതിയാൽ പരപായുന്നോരം
ശിരസ്സിലമ്പേററുമൃഗങ്ങൾവീഴുന്നു
കടുമ്പുലികളുംകടുവക്കൂട്ടവും,
കുടവയറുള്ളതടിയൻപന്നിയും,
നരികളുമൂക്കൻകരികളും,പോത്തും
ഹരിഹരിണവും,കരടി,കാട്ടികൾ,
പലഖലസഖകുലമടവിയിൽ
തലയററുവീണുതിളച്ചുചോരയിൽ-
    രസാമരവര!വസ്തിയിലുള്ള
രസങ്ങളെന്തെല്ലാമറിയുകയല്ലീ?
വരയിതാക്കൾപോയതിൻറതൊട്ടനാൾ
പരമദുഷ്ടകൾ,പതിനൊന്നമ്മമാർ,
തരമിതെന്നോർത്തു,കരളിൽകത്തുന്ന
ദുരിതതാല്പൎയ്യക്കരിവിളക്കിനെ,
വിചിന്തനതൈലംപകൎന്നുകത്തിച്ചു,
വിചാരവജ്രങ്ങളണച്ചുമൂൎച്ചയിൽ,
നരകവാതിലുംതുറന്നുവെപ്പിച്ചു,
ശരിക്കതങ്ങൾതൻഗതിയുറപ്പിച്ചു,

പുളു,ച്ചഹങ്കരിച്ചിരുന്നു,കാംക്ഷിതം
ഫലത്തിലായെന്നസമാധാനത്തോടും;
പതിവ്രതാമണിപ്പതക്കമാം 'മാക്കം'
പതിവുപോലെയ് 'പ്പുരാണി'യോടൊപ്പം,
അമന്ദവാത്സല്യവിശേഷവിശ്വാസ-
സമന്വിത,മോരോകഥകൾവായിച്ചും,
കുറച്ചുനാളായിക്കിഴക്കൊരേടത്തു *
തിരിച്ചകാന്തൻെറവരവിനെപ്പാർത്തും.
പ്രിയപ്രജകളെപ്പാനംചെയ്യിച്ചും,
കയൽക്കണ്ണിമണിദിനങ്ങളെണ്ണിനാൾ.
തിലമകത്തുള്ള,തള്ള,യൊരുനാളിൽ
കലുഷഹീനയാൾ,പലരുംകൊൺകുവേ,
അടുത്തചക്കാലപ്രമാണി 'എന്നവനു'
കൊടുത്തി,തെണ്ണയായ്തിരിച്ചുകിട്ടുവാൻ;
അഹസ്സുമൂന്നുചെന്നളവി,ലെണ്ണയും
വഹിച്ചു,വാണിയനവിടെവന്നിതു;
കുളിപ്പതിന്നായിത്തിരിച്ചിരുന്നു,വൻ-
പുളപ്പുകോലുന്നസഹജഭാര്യമാർ;
അമംഗളാചാരങ്ങളി,ലവരുടെ
ശ്രമംവെറുക്കുന്ന 'പുരാണി'യാൾമാത്രം,
അടുക്കളയ്ക്കുള്ളിൽ,കറികളുംചോറും
വെടിപ്പിലുണ്ടാക്കുംപണിനടത്തുന്നു;

* കിഴക്കു 'പുന'ക്കൃഷി നോക്കുവാൻ പോയതായിരുന്നു.

ഋതുമതി,മാക്കു,മകായിൽനിന്നേവം
പതുക്കെ‘എന്ന’നോടുരചെയ്തീടിനാൾ:—
‘ഒരമ്മയേയുള്ളുപുരത്തിൽ,മററുപേർ
കുറച്ചുവൈകാനുംമതിമടങ്ങുവാൻ,
‘പുരാണി’യമ്മയ്ക്കുപുറത്തിറങ്ങുവാൻ
തരമില്ല,ജോലിത്തിരക്കുകൊണ്ടെടോ,
നെറുകയിൽപാടംചുമന്നുകൊണ്ടുനീ
വെറുതെനില്ക്കേണ്ട,കനത്തിടുന്നില്ലേ?
അതുകൊ,ണ്ടുണ്ണി,നീയകത്തു,കാലൊന്നു
പതിപ്പി,ച്ചെൻമുന്നി,ലിവിടെവെച്ചുപോ.
അളന്നുനോക്കിട്ടുംപുരാണിയമ്മ,നെ-
ല്ലളന്നുകൂലിയുംതരുവൻ,നാളെവാ’.
അവനതേവിധ,മകത്തുവെച്ചു,
ജവാൽ,വരാന്തയിൽതിരിച്ചമാത്രയിൽ,
ദുരിതമൂർത്തികൾ,പതിനൊന്നുപേരും
ചരിതമക്കാര്യംകുളിച്ചുപോരുമ്പോൾ,
നിരീക്ഷണംചെ,യ്തക്ഷണത്തി,ലന്യഥാ-
ധരിച്ചനാട്യമോ,ടടുത്തുചെന്നുടൻ
പുലമ്പിയീദൃശംപലതരത്തിലും:—
‘കുലടയാൾനിയ്യോ?പറക,ഞങ്ങളോ?
പെരുത്തുനാളായിപ്പരീക്ഷിച്ചും,ഞങ്ങ-
ളിരിക്കുന്നു,മൂത്തതെവിടിശ്ശിപ്പെണ്ണേ!
കനകക്കട്ടിയാ,ളുരുതി,പൂർവ്വജ-
രനവധിസ്വത്തിനുടമയുമാക്കി;

പറയുന്നതെല്ലാമെവിടുന്നെങ്കിലും
കരസ്ഥമാക്കുവാൻപൊറുതികേടാക്കി.
കമനന്മാരെനീയുലട്ടിയഫലം
കുമാർഗ്ഗചാരിണീ!തലയ്ക്കുവെക്കെടീ!
നിണക്കുണ്ടോജാതി?നിണക്കുണ്ടോഭീതി?
നിണക്കുണ്ടോനാണം?നിണക്കുണ്ടോമാനം?
1 'ഇളങ്കൂറ്റിലങ്ങേ[2]'ക്കിളപ്പമായിട്ടോ,
ജളനാ'മെന്മനെ'ക്കൊതിച്ചതും,ദുഷ്ടേ!?
ഇത്രദശയെന്നുംമറന്നിതോ?മൂർഖേ!
മതി,മതിനിന്റെഞെളിച്ച,ലിന്നിമേൽ;
വലിയൊരുകുലംമലിനമാക്കിനീ,
തലമുതിന്നോനിണക്കിതോതൊഴിൽ?
കരാളമാംശരംതരുവിച്ചു,നിര-
പരാധിയായോനെച്ചവിട്ടിക്കൊല്ലിച്ചു;
തികഞ്ഞദാരുണഗരളജ്വാലയിൽ
പുകച്ചിട്ടും,ഞങ്ങൾപുകഞ്ഞതില്ലെടീ!
ഗൃഹത്തി,ലീവേശ്യവസിച്ചിടുന്നോളം
സഹവാസംഞങ്ങൾക്കിവിടെയില്ലെടീ!
വരു,മിവരിലുമകീർത്തി,കാഞ്ഞിര-
ക്കുരുചേർന്നാൽപാലുംതനിച്ചുകയ്ച്ചുപോം;
ചെറുപ്പന്നേസൂത്രംപഠിച്ചിതോ?പൊട്ട-

---

1 ഈ രണ്ടു വരികൾ മുക്കാലും 'തോറ്റ'ത്തിൽ നിന്നു തന്നെ എടുത്തതാണ്.

2 അങ്ങെ = അവിടുത്തെ, ബഹുമാനസൂചകം.

ച്ചെറുമച്ചാളയോം പിറന്നു ദിക്കേടീ?
വരട്ടെപോയവർ, ദ്ദുരാചാരെ! നിന്നെ-
യ്വൃത്തുഹോമിച്ചാൽ, മതിയാകുന്നതോ?"
'ഹരഹര! യിതെന്തവസ്ഥയാണഹോ!
പരമമത്ഭുതം! കലികയൌവനം!
ജഗന്മയീ, 'ലോകമലയാർകാവിലെ'-
ഭഗവതി, സത്യമറിഞ്ഞുകൊള്ളട്ടെ!'
ഇതുപറഞ്ഞു, തൻതലയ്ക്കുതച്ചുകൊ-
ണ്ടതിവേഗാ 'ലെന്മൻ' നടന്നു, ഭീതനായ്
പൊരിഞ്ഞു, തീപ്പാറുമൃഗക്കിയ്യുംകോരി-
ച്ചൊരിയുംമാറുള്ളമൊഴികൾകേട്ടപ്പോൾ,
ചെവിരണ്ടുംപൊത്തി, പ്രശസ്തസാദ്ധ്വിയാൾ
അവികലംചൊല്ലി, പരിഭ്രമംവിനാ:—
'അഹഹ! വിസ്മയ! മഹന്മതിമതി;
മഹതികൾനിങ്ങ, ളെനിക്കതീച്ഛയായ്;
നരക്കനാക്കിനനികൃതിയില്ലെന്നു-
മുറച്ചു, ദുർവ്വാക്കിനതിരുവേണ്ടന്നോ
അധമഭീരുതാപമെനിക്കില്ലതെല്ലു,
മധർമ്മിണിമാർക്കേഭയംഭവിച്ചിട്ടു;
കഴിഞ്ഞുപോകാതെ, നിഖിലവൃത്തിയും
മിഴിച്ചുനോക്കിക്കൊണ്ടൊരാളുണ്ടെന്നതു,
ചിലർക്കപ്പോളെങ്കിലു, മറിയണംനിങ്ങൾ;
ഫലംതരുവാനുമവൻമതിയാകും;
കരുതിക്കൂട്ടിക്കൊണ്ടപവാദംചൊന്നാൽ

നാകംനിങ്ങൾക്കുതുണയായ്ത്തീൎന്നിടും;
വരട്ടെപോയവ,രതുതന്നെഞാനും
കരുതിപ്പോകുന്നു,കരുതിക്കൊള്ളുവിൻ!’ –
അറയ്ക്കകത്തവൻവഴക്കിനാ,ലുടൽ-
വിറച്ചു,വിഭ്രമാൽപുരാണിയുമെത്തി;
‘മഹാപാപംനിങ്ങൾപറയരുതല്ലോ,
മഹിദഹിച്ചുപോം,കളവുവീങ്ങിയാൽ,
അലക്ഷ്യമായ്,സത്യമൊളിപ്പിച്ചു,‘പുല്ലും*
പുലയാട്ടും’പാടി,ക്കുലംകെടുക്കണോ?
കിനാവിലുംകൂടിക്കപടമെന്നതു
കണികാണാത്തൊരെൻഭഗിനിയെപ്പററി,
ദുരാചാരക്രമംതൊഴിക്കുവാൻമാത്രം
കരുത്തെഴുംനാക്കുപുഴുത്തുപോകട്ടെ!’
‘വെളിക്കുപോ,ശഠേ!ചിലയ്ക്കുന്നു,നിന്നെ
വിളിച്ചതാരെടീ?വലിയമേധാവി!
ഉരത്തഘോരനവെളിച്ചംകാട്ടുന്ന
കരുത്തുംകെട്ടോളേ!ചിലയ്ച്ചുപോകേണ്ട.’
    കലിമലക്കൊടുങ്കൊടിക,ളീമട്ടിൽ
പലവുരുതട്ടി,ക്കയറിയും,നിശ
പുലൎന്നി,പിറെറന്നാൾകുളിച്ചുമാക്കവും,
പുലച്ചയ്ക്കെത്തിനാർസഹോദരന്മാരും
മൃഗയാനന്തരം,‘മിളുങ്കുറിൽ’ചെന്നു

* പുല്ലും പുലയാട്ടും = വായിൽ തോന്നിയ വികൃതിപറയുക, ദേശ്യം.

വിഗതസംശയമളിയനെക്കാണ്മാൻ,
ഗമിച്ചു'രാമ'നന്നവരുടെകൂടെ-
സ്വമന്ദിരത്തിലാഗമിച്ചതുമില്ല.
അവരെക്കൂട്ടിക്കൊ,ണ്ടകത്തുപോയ്,വ്യാജ-
പ്രവാദമമ്മമാർപറഞ്ഞു,ശുദ്ധമായ്.
പ്രിയാവശംവദപുരുഷർക്കുവേദം
പ്രിയാലപിതമാ,ണറിക;ഭൂസുര!
തരിമ്പു,മിക്കഥനടന്നതാ,തവർ
പുറത്തുകാട്ടാതെ,മനസ്സിലായുധം
ഇറക്കിഭദ്രമായ്,പ്പിരട്ടിൽപെങ്ങളോ-
ടുരിയാടുന്നതിൽകുറച്ചലുമില്ല.
'തറവാട്ടി,ന്നിതിൽപരംകുറവൊന്നു
വരാനുണ്ടോ?നമ്മൾമതിയിരുന്നതും,
ഇവളുടെകാലത്തിതിനസംഗതി
ഭവിച്ചു,പോററിയതനുഭവമായി!
വിഷച്ചോറുണ്ണിച്ചു,വിരുന്നുകാരെയും
വഷളാക്കിത്തീർത്തിവളൊരുത്തിതാൻ;
പുരസ്സഞ്ചാരത്താകിൽ,സുവർണ്ണശാഖിയും
മുറിക്കണ,മെന്നുമഹജ്ജനമതം
നമുക്കസന്തതിനശിച്ചുപോകിലു-
മമത്ത്ണംവിഷതരു,മുളയിലേ
കിടാങ്ങളുംകൂടിത്തുലയണ,മൊരേ-
കിടയായേവരുപ്രസൂവുംമക്കളും'

ഗൃഹാധിനാഥരാം സഹജ, രീവിധ-
മഹോ! മഹാപാപം നടത്തുവാനോർത്തു;
'ഹരിണലോചനേ! ഭവതിക്കും, നിന്റെ
ചെറുകിടാങ്ങൾക്കും കുശലമല്ലയോ?
ഇവർ പിരിഞ്ഞ വേളയി, ലൊരുത്തനു-
മപ്രിയം നിന്നോ, ടിടഞ്ഞു കാട്ടിയോ?
ജനകനെക്കാണാ, തരിമക്കുഞ്ഞുകൾ
മനസ്സി, ലീഷലുമഴൽപ്പെട്ടില്ലല്ലീ?
ഏതിനും പാത്രമാ, യിവരിരിക്കവേ
മതിയിലെന്തിനാ, ണവർക്കുണ്ടിതം?
മതിലിനപ്പുറ, മിറങ്ങാതെ, നിത്യം
സ്ഥിതി കൊണ്ടോ, നിണക്കൊരു വകജാഡ്യം?
നലമൊടു് 'ലോകമലയാർകാ'വിലെ
മലമകളുടെ ചരണം കുപ്പുവാൻ,
വിലയുള്ളതര മിതാണു, നീയതു
പലതവണയും പറയുമാറില്ലേ?
വരിഷ്ഠൻ, തമ്പുരാൻ[1] തിരുമനസ്സിലെ
'നിറമാല'ഘോഷം നമുക്കിന്നു കാണാം;
ശുഭദിനങ്ങളിൽ പ്രധാനമിന്നല്ലോ;
വിഭാവരീകരപ്പുകളെഴും കാവിൽ;
പുറപ്പെടുകല്ലീ? നിണക്കും, മക്കൾക്കും,
തറവാട്ടിന്നു, മീമുറ ശുഭകരം;

1 ലോകമലയാർകാവ് കടത്തനാട്ടു രാജസ്വരൂപം വകയാണ്.

പെരിയോരെച്ചെന്നുപരിസേവിക്കുവാൻ
കുറക്കണം,പോവോ,രവരുടെനില;
അതിനാ,ലിന്നുനാംനടന്നുപോകയേ
ഗതിയുള്ളു,ഫലമതിനിരട്ടിയാം.
കുളിച്ചു,വെക്കംനീവരിക,ശുദ്ധയായ്,
വിളംബമാക്കൊല്ലാ,വഴികുറച്ചില്ലേ?'
തണിഞ്ഞചാമ്പലാൽപ്പൊതിഞ്ഞതീക്കനൽ-
കണക്കി,ലുൾച്ചതിമറച്ചു,സസ്നേഹം
ഇതി,സഗർഭ്യന്മാർവദനങ്ങളിൽനി-
ന്നുതിർത്തഭാരതീതകൃതി,കേട്ടവൾ,
പരമാർത്ഥമൊക്കെഗ്രഹിച്ചു,തൂർണ്ണ,മു-
ത്തരമുരച്ചു:—'മത്സഹോദരന്മാരേ!
[1]കൊതിച്ചകാലത്തൻകൊതിതീർത്തീടുവാൻ
മതിയായില്ലാരു,മകാരണമിപ്പോൾ,
കൊതിക്കാത്തകാലംകൊതിപ്പിച്ചീടുവാൻ
മതിനിങ്ങളെല്ലാ,മറിഞ്ഞുഞാൻതപം
ചരാചരമയീ,ധരാധരാത്മജാ,
സുരാസുരാരാദ്ധ്യാ,പുരാന്തകപ്രിയാ,
തിലത്തിലെണ്ണയായ്,പയസ്സിൽവെണ്ണയായ്
മലരുള്ളിൽകായാ,യുലകിനുവേരായ്,
ഘടജലംതോറുംതരണിബിംബംപോൽ,
ഇടവിടാതെയിജ്ജഗത്ത്രയമെങ്ങും

---

1 ഇതിനുശേഷം നാലു വരികൾ 'തോററ'ത്തിലെ [illegible] ത്തോട് വളരെ സാദൃശ്യമുള്ളവയാണ്.

നിറഞ്ഞിരിക്കുന്നോരഖണ്ഡശക്തിയായ്,
മറയ്ക്കുകാതലാ,യനശ്വരയായി,
പരംസച്ചിൽജ്ഞാനസ്വരൂപിണിയായി,—
നിരാദിയായ്,സാക്ഷാൽപ്രകാശരൂപയായ്,
ശ്രിതജനചിന്താമണിയായ്ദുഷ്കൃത-
സ്ഥിതജനവനദഹനഹേതിയായ്,
വിളങ്ങുമാദേവി,മിഴിമുനത്തല്ലാൽ
കളങ്കമുള്ളോരെക്കണെക്കിൽക്കാച്ചിടും;
ഹിതമെങ്കി,ലിപ്പോഴുപുറപ്പെടാൻതയ്യാ-
റിതാ,മമ'ഗതി'നടത്തിക്കൊള്ളുവിൻ!
വിധിവിഹിതത്തോടെതിൎത്തുമല്ലിടാൻ
വിരുതില്ലാലേശംശരീരികൾക്കാൎക്കും'
ഉരുതരധൈൎയ്യനിധാനമാം,'രണ്ടാ-
മരുന്ധതി,'മാക്ക,മവരോടിങ്ങിനെ,
സഗൽഗദമോതി,സ്സുഖസ്നാനംചെയ്തു
സ്വഗൃഹംപ്രാപിച്ചു;'ഗതി'ക്കൊരുങ്ങിനാൾ
പുടകൾ,പണ്ടങ്ങൾ,പണങ്ങൾ,പെട്ടികൾ,
മടവാർമാണിക്യമെടുത്തുകെട്ടാക്കി;
ഉടുപുടവയും,മുലക്കച്ചയുമൊ-
ന്നെടുത്തു,മററെല്ലാമനലനൎപ്പിച്ചു;1

---

1 തൻെറ വക യാതൊരു സാധനവും മാക്കം യാത്ര പുറപ്പെടുമ്പോൾ പിന്നിൽ വെച്ചില്ലത്രെ. ഒക്കെയും ഇടിച്ചു, പൊടിച്ചു, ചുട്ടുകളഞ്ഞുപോൽ. ധനമോഹമുള്ള ഭ്രാതൃഭാൎയ്യമാൎക്ക ഈ സംഗതി മാക്കത്തിൻെറ നേരെ അധികം വൈരം ജനിപ്പിച്ചു.

എരിപൊരിപാറിപ്പരക്കുമഗ്നിയെ-
പ്പരിചിൽമൂന്നുരുവലംവെച്ചീടിനാൾ.
'സമസ്തസാക്ഷിയാംധനഞ്ജയ! ജയ,
മമപരമാത്ഥംതെളിയിക്കേണമേ,
അപരാധംചെയ്തോളിവളെന്നാ,ലിമ്മെ
കൃപാഹീനംഭസ്മീകരിച്ചിടേണമേ.'
മികച്ചഭക്തിയാൽ,തൊഴുതുപ്രാത്ഥിച്ചു-
മകന്മഷാശയാപതിച്ചുവഹ്നിയിൽ
കരിങ്കാർകുന്തലിൻകൊടിയൊന്നെങ്കിലും
കരിഞ്ഞതുമില്ല,ശിവശിവ! ചിത്രം!
തുറിച്ചുനോക്കുമ,സ്സഹജ,രിപ്പെണ്ണിൻ-
മറിമായ,മെന്നുചിരിച്ചു,ഘോഷിച്ചു
'പെരിയസാക്ഷികളരികിലുള്ളപ്പോൾ,
നിരത്ഥമല്ലയോശപഥവും? മാക്കേ! 1
സമയംപോകുന്നു,ശമിക്കുകനമ്മൾ,
തമാശപോകട്ടെ,വിളിക്കമക്കളേ;'
ഖലക്കുമമ്പ,രാപ്പുരുഷച്ചെന്നായ്ക്കൾ
അലംതിരക്കിനാരിറങ്ങുവാനേവം
ധവളഭൂതിയുംധരി,ച്ചാത്മജ്ഞാന-
പ്രവൃദ്ധശോഭയായ്,കിടാങ്ങളെക്കൂട്ടി,
തിലത്താർനാസാഗ്രംമിഴിക്കലാക്കാക്കി,
നിലയിൽ,നിശ്ചലസച്ചരുപധ്യാനത്തിൽ,

---

1 'സാക്ഷിയിരിക്കേ സത്യവുമെന്തിനു കുഞ്ഞിമ്മാക്കേ!'—തോററം.

നിരതയായ്,ലോകപരാങ്മുഖിയായി-
ട്ടിരുന്നചെ,ററവളെഴനോറുചൊന്നാൾ:—
'കപടമററമൽക്രിയ,ഭുവനത്തിൽ
തപനചന്ദ്രന്മാരെഴുംകാലത്തോളം
അറിയിക്കേണമേനിഖിലപാംമായ്
പെരിയകമ്മസാക്ഷിയാദിസാക്ഷികൾ!
*ഭഗവതീ!ഭദ്രേ!ഭവകുഡുംബിനീ!
ഭവഭയാപഹേ!ജയജയ,തായേ!
മഹേശ്വരീ!മായേ!മഹിതസൽകൃപാ-
മഹാംബുധേ!നാഥേ!മഹീധരസുതേ!
ജനിമൃതിഹീനേ!ജനാർദ്ദനാനുജേ!
മനസിജസംജീവനൌഷധാപാംഗീ!
ചരണനിഷ്പിഷ്ടമഹിഷവിഗ്രഹേ!
തരുണാർക്കപ്രഭേ!ശുഭേ!ജയജയ,
വിഷയനിസ്പൃഹയതിഹൃദാലയേ!
വിഷധരസുധാകരകലാഭൂഷേ!
മഖഹര,ചതുർമ്മുഖ,ശതമഖ-
മുഖസമച്ചിതപദാംബുജദ്വയേ!
നിരാബാധേ!നിഷ്കിഞ്ചനേ!നിരാധാരേ!
നിരാകാരേ!നിത്യേ!നിരഞ്ജനേ!ജയ,
പ്രണവപഞ്ജരശുചിരശാരികേ!
പ്രണമിച്ചീടുന്നേൻ,തുണയ്ക്ക,ചണ്ഡികേ!

* ഈ സ്തുതി 'ലോകമലയാർകാവിലെ' ഭദ്രയെ ഉദ്ദേശി ച്ചാണെന്നു തോററത്തിൽ കാണുന്നു.

അഗതിഞാനമ്മേ!തിരുമെയ്യെപ്പോഴും
സുഗമ,മെന്നുള്ളിൽതെളിഞ്ഞുകാണ്കവേ,
ചളിനിറഞ്ഞൊരിപ്രപഞ്ചമൊത്തട-
ത്തിളിച്ചുകാട്ടിയാ,ലെനിക്കുപുല്ലുപോൽ.
പതിവ്രതാധൎമ്മംപരിപാലിച്ചു,ഞാൻ
പതിവായ്പ്പൂജിച്ചപതിചരണമേ!
മദീയമാനസകുമുദവെണ്മതേ!
സദയംകാക്കണേം,സതതംകൂപ്പുന്നേൻ.'
 അനൎഗ്ഗളഭക്തിസ്ഫുരന്നുതികളോ-
ടനന്തരം,സാദ്ധ്വീസമാജസമ്മതാ,
[1]കരക്കുതച്ചോലുംതിരക്കൂട്ടംതുള്ളി-
നുരച്ചെരിയുന്നകടലെന്നപോലെ,
ഞെടുഞെടെപ്പൊട്ടിക്കരഞ്ഞു,ച്ചൂടോടെ
കുടുകുടച്ചാടുംനയനനീർച്ചാട്ടം,
സ്ഫുടപ്രസന്നമാംമുഖേന്ദുബിംബവും,
ഘടസ്തനങ്ങളും,കപോലവും,മെയ്യും,
നനച്ചുമുക്കിയ,തുണക്കുവാനായി-
പ്പുണിപ്പെട്ടും,തങ്കക്കിടാങ്ങളെപ്പാൎത്തും;
നിലത്തുമോഹിച്ചു,മറിഞ്ഞു,വീണു,കേ-
ണലച്ചിടുന്നൊരാ'പ്പുരാണി'യെത്തന്നെ
തിരിഞ്ഞുനോക്കിയും,കരംകൊട്ടി,ജ്ജയ-

---

1 ഈശ്വരിയുടെ സഹായത്തിൽ ദൃഢവിശ്വാസമുണ്ടായി രുന്ന നായിക, യാത്രയ്ക്കൊരുങ്ങിയ നേരം, ഒട്ടകം തന്നിൽ അ ടക്കി കരയുകയുണ്ടായത്രെ.

ഒപ്പെരുമ്പറകൊട്ടുംവധൂകൃമികളാം
പതിനൊന്നുപേരെക്കുറിച്ചുചിന്തിച്ചും,
മൃതിന്റദുഃഖത്താൽനടന്നു,കഷ്ടമേ!”

വ്രതീശ്വരന്മാരേ!വിഗതപാപരേ!
സതിയാൾതൻകഥാവശേഷവൎണ്ണനം
അസഹ്യവേദനാപരിക്ലിഷ്ടം,മനം
അസാമാന്യമിതാതടയുന്നു,കഷ്ടം!
സമജന്തുക്കളിൽക്കദനംകാണുമ്പോൾ
സമാപ്തിയല്ലയോസുഖംനമുക്കെല്ലാം?
ഇടറുന്നുകണ്ഠം,പിടയുന്നുനാക്കും;
പൊടിയുന്നുകണ്ണീർതുടിക്കുന്നുനെഞ്ചും.”
ഇതി,വിരമിച്ചവിശിഷ്ടതാപസ-
പതിയോ,ടാമുനിജനങ്ങൾചോദിച്ചാർ:—
“ശരി-ശരി,പിതാമഹപ്രിയാത്മജ!
ഗുരുപരിതാപപ്രവാഹശക്തിയാൽ,
ഇവൎക്കുമുൾത്തളിർമയങ്ങി,കാർമുകിൽ-
പ്രവിസരത്തിനാൽദിവാകരൻപോലെ;
അനന്ത്യത്തിനുണ്ടോജയമൊരിടത്തും?
അസത്തുക്കൾക്കെഴുംജയംനീർപ്പോളയാം
മഹിക്കണിയലാംമഹതിതൻകഥാ,
ഗൃഹീതവേദാന്ത!മഹിതമോതെടോ”

ഋഷികുലാജ്ഞയാ,ലുയിരുണൎന്നപോൽ,
വിഷാദഹീനനായ്മഹൎഷിഭാഷിച്ചാൻ:—
വിരുതൻ,ബ്രാഹ്മണൻവിവരിച്ചു:—“ദൈവം

വരുത്തുവതാൎക്കംതടുത്തുകൂടുമോ?
തരുണഭാസ്കരൻനഭോനടുവിലായ്,
മരത്തണലിലായ്മൃഗങ്ങളെങ്ങുമേ,
പഥികർ,മെയ്യിലേവിയൎപ്പിലാററാടി-
പ്പദങ്ങൾക്കലവംപൊറുതിനൽകുന്നു;
പ്രകാശസഞ്ചയം,പ്രശമിതാശയം,
വികാരരാഹിത്യം,വിപക്ഷപാതിത്വം,
അകമ്പിതയോഗിനിലയിൽ,നട്ടുച്ച-
പ്രകൃതിയാൾഗാഢസമാധികൊള്ളുന്നു;
ചരലിൽക്കാൽവെച്ചുപരിചയിക്കാത്ത
ചരണതാരുല,ഞ്ഞിളയപൈതങ്ങൾ,
"എവിടെക്കാവമ്മേ![1]പെരുത്തുണ്ടോപോകാ?_"
നിവണ്ണംചോദിക്കേ,പ്രജകൾതൻബാഷ്പം
തുടച്ചുകണ്ണിണപറിക്കാതെനട്ടം,
തുടന്നുപെൺവല്ലിനടത്തവും,സഖേ!
'നടന്നു,കാലുകൾകുഴഞ്ഞുപോയെങ്കിൽ,
കടന്നിക്കാട്ടിൽനാംകുറച്ചിരിക്കെന്നായ്,
വിവശതമാററാ,നവളൊടൊപ്പമ-
ങ്ങവരൊരുകാട്ടിൽക്കടന്നിരുന്നിതു;
ഒരുവ,നായതി,ലെഴുന്നേററു,ചുററും
തിരഞ്ഞുചുററിനാനരണ്യദേശവും,
ഇടിഞ്ഞുതൂൎന്നകൽക്കിണററിൻവക്കിനാ-
യടുത്തു:—'കാണുവിൻ,മഹാത്ഭുത!മിതിൽ,

1 കാവ് = ലോകമലയാൎകാവ്.

പകലിൽനക്ഷത്രംപ്രകാശിച്ചീടുന്നു!*
പകലവനേക്കാൾപ്രഭയുമുണ്ടല്ലോ!
വരികെ'ന്നോനവൻ;അടുത്തുചാടിപ്പോയ്
'പറഞ്ഞതുശരി!വരൂ,സഹോദരീ!
പുതുമയാ,മിതുനിന്നെക്കാണുവാൻ
കുതുകമുണ്ടാ'മെ,ന്നതിവമൂർഖനും.

ഒടുക്കമായ്,സ്വജീവനാഘടികാര-
മടിക്കുമാററാ,യെന്നുറച്ചുപെണ്മണി,
കിണററിൽനോക്കുവാൻതലകുനിക്കുന്ന
ക്ഷണത്തി,—ലീശ്വര!ശിവശിവശിവ!
ഹരഹരഹര!പരമശങ്കര!
പറവതെങ്ങിനെ?പരമദുഷ്കൃതം!
മടിക്കകംവെച്ചുകൊടുവാക്കത്തിയാൽ,
കുടിലചിത്തന്മാർ,കഠിനപാപികൾ,
*മടവാർമാതൃകാസഹജതൻഗള-
തടം,ഹരോഹര!മുറിച്ചുവീഴ്ത്തിനാർ.
അരക്ഷണാൽ,പ്പൈതങ്ങളേയുമ—ങ്ങയ്യോ!
ധരാദിതേയക്കിരീടരത്നമേ!'

'ദുരിതംശാന്തിശാന്തി'എന്നുതന്നെഞാൻ,

---

* 'ഉച്ചക്കു നക്ഷത്രമുദിച്ചതു കണ്ടോ കുഞ്ഞിരാമക്ക്'—തോററം.

* തന്റെ അന്ത്യദശയിൽ നായിക എന്തോ വിളിച്ചു പറഞ്ഞതായി ഇതിഹാസമുണ്ടെങ്കിലും, തോററം അതിനെ വ്യക്തമായി കാട്ടുന്നില്ല.

‘ഹരിഹരി!കേൾക്ക,കഥ’എന്നന്തണൻ,
‘ചരിതാൎത്ഥന്മാരായ്പതിനൊന്നുപേരും;
ഗിരിസുതേ!നീയ്യുംമറയത്തോ?ദേവി!;
സുകൃതമേ!നിന്നെക്കടന്നുവോപാപം?
വികൃതികൾക്കായോസകലകൈകാൎയ്യം?
അസത്യമേ!നീയ്യോഭരണകൎത്താ?വീ-
രസതാങ്ങുംസത്യമുറങ്ങിക്കുളട്ടുന്നോ?
ഭവനംതേടിയസ്സഹജർപോകവേ,
ശിവശിവ!കാണായ്മഹേന്ദ്രജാലങ്ങൾ!
സുവൎണ്ണഭൂഷണവിഭൂഷിതാ,നിശാ-
ധവസ്മിതാനനാ,പ്രജ്ഞാസമന്വിതാ,
പ്രളയാൎക്കായുതപ്രതിമശോഭനാ,
വലാഹകവ്രാതാസിതകചഭരാ,
മുഖാമോദഭ്രാമ്യദളിനിഭാളകാ,
സുകാന്തകുങ്കുമതിലകിതാളികാ,
കപോലമണ്ഡലോജ്വലിതകുണ്ഡലാ,
അപാരരൂക്ഷരുൾസ്ഫുലിംഗലോചനാ,
സരീസൃപമുണ്ഡസമൂഹമണ്ഡിതാ,
പരാൽപരാ,രക്താംബരാ,ചതുൎഭുജാ,
ഭുവനഭീകരസ്തനിതനിശ്ലാഷാ,
ശിവാ,മഹാഘോരാ,വിരൂപവീക്ഷണാ,
അരക്കില്ലംകത്തിയെരിഞ്ഞപോലെ,ത-
ന്നരയിൽപ്പന്തങ്ങൾതഴച്ചുപാളുവോൾ,
നിഗമപാരഗാ,നിരാമയാ,കാളീ-

ഭഗവതീ'മാക്കം'നടനമാടുന്നു!!
രുധിരംഛൎദ്ദിച്ചു,പതിനൊന്നന്മാർ
*മൃതിപ്പെട്ടുമുമ്പിൽകിടക്കുന്നു!ചിത്രം!
തൊഴുതുനില്ക്കുന്നു'പുരാണി'ഭദ്രയെ,-
പ്പുഴുതെയാകുമോസുകൃതചേഷ്ടകൾ?
ഭയങ്കരദേവീനിരീക്ഷണോദ്ധത്താൽ,
ഭയാതുരന്മാരായ്,സഹജർമൂൎഛിച്ചു,
വമിച്ചശോണിതപ്പുഴയിൽ,ലാണ്ടുവീ-
ണന്മ,ന്നുടൻയമന്നതിഥികളായി!
$ഇളയവൻ,ഭദ്രാഭജനതല്പരൻ,
കുലംപാലിച്ചുപോൽപ്രണയിനിയോടും,
നലമൊ,ടക്കാല,മൊരീഴവ,നെള്ളിൻ-
കുല,യക്കാട്ടിൽനിന്നറുത്തിടുന്നേരം,
പതന്നു,കാളിട്ട,മസൃക്ക്പത,പാളി-
പ്പുതപ്പു,തീക്ഷിച്ചു,കിണററിൽനോക്കവേ,
വലിച്ചു,ചാമുണ്ഡം.തദീയനാക്കറു-
ത്തലറി,ത്തങ്കലാ,യവനെയുംചേൎത്താൾ!
തിറപ്പെട്ടും'മാക്കത്തിററ'യൊടുക്ക,'മെ-
†ള്ളുരുത്തുപോതി'യേ,യവനുമാടുന്നു.

---

* അവരുടെ സന്താനങ്ങളും ദുർമൃതി പ്രാപിച്ചിരുന്നുപോൽ. ഈ ഘട്ടം തോററത്തിൽ സരസമായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

$ തങ്ങൾ അയാളുടെ വംശപരമ്പരയാണെന്നു ചില തറവാട്ടുകാർ ഇന്നും വാദിക്കുന്നുണ്ട്.

† എള്ളുരുത്തുപോററി.

അരിവാറ്ക്കത്തിയുമെട്ടത്തു,യാതൊന്നു-
മുരിയാടാതെയാ,ണവൻറകോലവും.
പൊരുത്തക്കുപ്പത്തിൽ,കരുത്തനാകില്ലു-
മൊരുത്തനംനോക്കാനൊരുക്കമില്ലിന്നും!
അത്തുമൃതല്ലിന്നും,'ഭഗവതിമാക്കം,'*
ക്ഷിതിയിലാരാദ്ധ്യാ,ധരാസുരേശ്വര!
അലംല്യഘോഷങ്ങളെഴുമവളുടെ
കളിയാട്ടം,ഭവാനവിടെക്കണ്ടെത്തും;
ഇടം,വലംരണ്ടുകിടാങ്ങളെക്കാണാം,
തടിച്ചപന്തങ്ങറ്തെളി,ഞ്ഞരസ്സുണ്ടാം;
അതുലനിഷ്ഠയിൽകുറച്ചുകാലം,നൽ-
വ്രതത്തിൽദൃഷ്ടിവെച്ചിരുന്നശേഷമേ,
¶'തിറ'ച്ചമയത്തിന്നൊരുവൻകോപ്പിട്ടു;
മറിച്ചുകാട്ടിയാൽ,കുലമറുതിയാം.
പ്രണയിനി,സച്ചിൽപ്പദംപിടിച്ചതായ്,
കണതാച്ചപോൽക്കണവൻകേട്ടപ്പോറ്,
സ്വജീവത്യാഗംചെ,യ്തനഘജായതൻ-
സുചൈതന്യംചേന്നുസുഖിച്ചു,ധന്യനായ്.
പുലന്നുപോയ്നേരം,പറഞ്ഞിരുന്നാകിൽ
പലകാര്യങ്ങറ്ക്കുംമുടക്കംനേരിടാം;
അടുത്തുകാണുവാനിടവരട്ടെ,യെൻ-

---

* 'മോക്കം ഭഗവതി' എന്നായി കടാങ്കോട്ടു മാക്കാ ഇന്നു അറിയപ്പെടുന്നു.

¶ തിറ=കളിയാട്ടം (ദേശ്യപദം)

പടുസൗഹൃന്മണേ!പിരിയുകയല്ലീ?'
കുശലബുദ്ധിയാംധരാസുര,നിതരം
കുശലവുംചൊല്ലി,നടന്നുതൻപാട്ടിൽ
തപോധനേന്ദ്രന്മാരരുളി:– 'ഭൂമിയിൽ
കൃപാർദ്രദേവിതൻസ്മരണയോടൊരാൾ,
'കലിയുഗശീലാവതി'യുടെകഥ,
കലിതകൗതുകംചെവിയിലാക്കയോ
മടിവിട്ടന്യനെപ്പഠിപ്പിക്കുകയോ
പടിത്തരം,താനേപഠിക്കയോ,ചെയ്കിൽ,
ഇഹ,സുഖങ്ങളിൽകളിച്ചുകൂത്താടാം,
നഹിനഹിഭയംരിപുക്കളാലുമേ;
തുറന്നുകാണാത്തനരാത്ഥമാം,മറ–
തുറക്കുവാൻതാക്കോ,ലവനുകയ്യിലാം,
*മുരുത്തമച്ചിയാംമടവാരും,വയർ–
നിറച്ചുപെററിടുംശുഭകിടാങ്ങളെ;
അകന്മഷകർമ്മപഥചരന്മാരെ,
വികുണ്ഠസായൂജ്യംവിളിച്ചുകൊണ്ടുപോം
സരോജജസൂനോ!ഭവാനിതാ,ഞങ്ങ–
ളൊരായിരംവട്ടംതരുന്നുവന്ദനം!
ബദരികാശ്രമസ്ഥിതമാംതാപസ–
കദംബ,മേവ,മോതിയുംപിരിഞ്ഞിതു.
മടുമലർത്തേൻവാ,ക്കുരച്ചു,തത്തപ്പെൺ–
തൊടുകുറിത്തയ്യൽപറന്നുപോയിതേ.

കടാങ്കോട്ടു മാക്കം സമാപ്തം

---

* സന്തത്യുല്പാദനത്തിനു വേണ്ടിയാണ് അധികവും ഇ-ഷിക്കിൽ «മാക്കംതിറ» കഴിച്ചുകാണുന്നത്.

MUL
034837